കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കോളയാട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് –2017-18

# ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ./കെ.എൻ.ആർ./സി.11/2109/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
കണ്ണൂർ ജില്ലാ ഓഡിറ്റ് കാര്യാലയം,
ഫോൺ: 0497 - 2707698
ഇ-മെയിൽ: doknr.ksad@kerala.gov.in
തീയ്യതി: 01.02.2019

ഡെപ്യൂട്ടി ഡയറക്ടർ,

പ്രസിഡന്റ് ( സെക്രട്ടറി മുഖേന )

കോളയാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കോളയാട് ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോളയാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഇൗ റിപ്പോർട്ടിലെ ഭാഗം 2-ൽ 2-1, 2-3, 2-4 ഭാഗം 3-ലെ 3-6, 3-7, 3-8 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ

വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഏയിംസിൽ)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ കണ്ണൂർ ജില്ല (ഇ-മെയിൽ വഴി)

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ./കെ.എൻ.ആർ./സി.11/2109/2018 തീയ്യതി: 01.02.2019

## <u>കണ്ണൂർ ജില്ലയിലെ കോളയാട് ഗ്രാമ പഞ്ചായത്തിന്റെ 2017-18 വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോളയാട് ഗ്രാമ പഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 17-6-2017 മുതൽ 12-11-2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ് , അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുമുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 30 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്ത്വവുമുണ്ടായിരിക്കുന്നതല്ല.

**എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റ് നടത്തുവാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് | ശ്രീ.ശശികുമാർ എം.പി. |

| | |
|---|---|
| | ഡെപ്യൂട്ടിഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ്നടത്തിയ ഉദ്യോഗസ്ഥരുടെ പേര് | തസ്തിക |
|---|---|---|
| 13-11-.2018മുതൽ<br>28 -11-2018 വരെ | ശ്രീമതി.ലതവാണി.എൻ.എൻ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ . ശശീന്ദ്രൻ-കെ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ശ്രീജ-കെ | ഓഡിറ്റർ |

<u>1.നിർവ്വഹണാധികാരികളുടെ പേര് &കാലയളവ്</u>

| | | |
|---|---|---|
| പ്രസിഡണ്ട് | ശ്രീ.കെ പി സുരേഷ് കുമാർ | 01/04/2017 മുതൽ 31/03/2018 വരെ |
| സെക്രട്ടറി | ശ്രീ.മാത്യു കെ എം | 01/04/2017 മുതൽ 05/06/2017 പൂർവ്വാഹ്നം വരെ |
| | ശ്രീമതി മുന്ന പി സദാനന്ദ് | 05/06/2017 അപരാഹ്നം മുതൽ 31/03/2018 വരെ |

| | | |
|---|---|---|
| | | |

## 2.മറ്റ് നിർവ്വഹണാധികാരികളുടെ പേര് & കാലയളവ്

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| കൃഷി ഓഫീസർ | ശ്രീമതി ശില്പ -എസ് | 01/04/2017 | 13/04/2017പൂർവ്വാഹ്നം |
| | ശ്രീ.സുഭാഷ് - പി | 13/04/2017 അപരാഹ്നം | 15/06/2017 |
| | ശ്രീ.ജോർജ്- കെ-ജെ | 16/06/2017 | 29/10/2017 |
| | ശ്രീമതി റിൻസി റോസ് - ടി -ജോൺ | 30/10/2017 | 31/03/2018 |
| ഹെഡ് മാസ്റ്റർ | ശ്രീ.ടി -ജയരാജൻ | 01/04/2017 | 31/03/2018 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, (കോളയാട്) | ശ്രീ.മനോജ് -സി- വി | 01/04/2017 | 19/10/2017പൂർവ്വാഹ്നം |
| | ശ്രീ.വിൽഫ്രഡ് സാജൻ | 19/10/2017അപാരഹ്നം | 31/03/2018 |
| | | | |

| | | | |
|---|---|---|---|
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, (വേക്കളം) | ശ്രീ.വിപിൻദാസ് -വി | 01/04/2017 | 05/08/2017 |
| | ശ്രീ.മനോജ് -സി-വി(കോളയാട് വി ഇ ഒ) അധിക ചുമതല | 6/8/2017 | 19/10/2017 |
| | ശ്രീ.റഷീദ് -കെ- പി | 20/10/2017 | 31/03/2018 |
| വെറ്റിറനറി സർജൻ | ഡോ -ഉണ്ണികൃഷ്ണൻ | 01/04/2017 | 31/03/2018 |
| മെഡിക്കൽ ഓഫീസർ (പി എച്ച് സി) | ഡോ. ഷഫാഫ് അബ്ദുൾ കരീം | 01/04/2017 | 31/03/2018 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. അരുൺ അഭിലാഷ് | 01/04/2017 | 31/03/2018 |
| അസിസ്റ്റൻറ് എഞ്ചിനീയർ | ശ്രീ.പ്രകാശ് ബാബു-എം | 01/04/2017 | 08/11/2017പൂർവ്വാഹ്നം |
| | ശ്രീ.ഇബ്നു മഷൂദ് | 08/11/2017 അപരാഹ്നം | 31/03/2018 |
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി സാംബവി-കെ- പി | 01/04/2017 | 30/06/2017 |
| | ശ്രീമതി.അമിത -എ -കേളപ്പൻ | 01/07/2017 | 30/11/2017 |

| | | | |
|---|---|---|---|
| | | | |
| | ശ്രീമതി. നിഷ പി | 01/12/2017 | 31/03/2018 |
| അസിസ്റ്റൻറ് സെക്രട്ടറി | ശ്രീമതി.മുന്ന പി.സദാനന്ദ് | 01/04/2017 | 04/06/2017 |
| | ശ്രീ.ദാസൻ നിട്ടൂർ (ഹെഡ് ക്ലർക്ക്, അധിക ചമതല) | 05/06/2017 | 15/06/2017 |
| | ശ്രീ.സുനിൽ ഡേവിഡ് | 16/06/2017 | 31/03/2018 |

<u>ഉള്ളടക്കം</u>


| ക്ര.നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം-1<br><br>പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |

| | | |
|---|---|---|
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക ധനകാര്യപത്രികയിലെ അപാകം | 1-12 |
| | ഭാഗം-2 വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 13 | ക്യാമ്പ് കലക്ഷൻ-പിരിവ് രസീത് മേൽപരിശോധന നടത്തുന്നില്ല | 2-1 |
| 14 | മുഴുവൻ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. | 2-2 |
| 15 | കെട്ടിട നിർമ്മാണചട്ടങ്ങൾ പാലിക്കാതെ നിർമ്മിച്ച കെട്ടിടങ്ങൾ തെറ്റായി ക്രമവൽകരിച്ച് നമ്പർ അനുവദിച്ചു | 2-3 |
| 16 | ചീഫ് ടൗൺ പ്ലാനറുടെ അനുമതിയില്ലാതെ പെർമിറ്റ് അനുവദിച്ചു | 2-4 |
| 17 | ബി.എസ്.എൻ.എൽ- മൊബൈൽ ടവറിന് വസ്തുനികുതി ഡിമാന്റ് ചെയ്തു ഈടാക്കുന്നില്ല. | 2-5 |
| 18 | ഇ-ടെണ്ടർ ഫിയിനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള ₹ 1,43,508 രൂപ തിരികെലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. | 2-6 |
| | ഭാഗം- 3 ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 19 | തെങ്ങ് കൃഷി വികസനം- ജൈവവളത്തിന്റെ പ്രാദേശികലഭ്യതയും, ഗുണനിലവാരവും ഉറപ്പുവരുത്തേണ്ടതാണ്. | 3-1 |
| 20 | മഴക്കാല പൂർവ്വ ശുചീകരണത്തിന് വാർഡ്തല ശുചിത്വകമ്മറ്റിക്ക് കൈമാറിയ തുക പൂർണ്ണമായും വിനിയോഗിച്ചില്ല. | 3-2 |
| 21 | ക്ഷീര കർഷകർക്കുള്ള പാലിന് സബ്സിഡി തുക നിർവ്വഹണ ഉദ്യോഗസ്ഥൻ മുഖാന്തിരം ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് നിക്ഷേപിക്കേണ്ടതാണ്. | 3-3 |

| | | |
|---|---|---|
| | | |
| 22 | കറവ പശു വിതരണം പർച്ചേസ് കമ്മറ്റി നടപടികൾ കാര്യക്ഷമമാക്കേണ്ടതാണ് | 3-4 |
| 23 | എസ്.എസ്.എ പ്രോജക്റ്റ് - രൂപീകരണത്തിലും നിർവ്വഹണത്തിലും ഗ്രാമപഞ്ചായത്തിന്റെ പങ്കാളിത്തവും മേൽനോട്ടവും ഉറപ്പുവരുത്തേണ്ടതാണ്. | 3-5 |
| 24 | ശാരിരിക മാനസീക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് ഗുണഭോക്താക്കൾക്ക് അർഹമായമുഴവൻ തുകയും ഫണ്ട് വകയിരുത്തേണ്ടതാണ്. | 3-6 |
| 25 | ബിറ്റുമിൻ വിലയിനത്തിൽ സിഡ്കോ അധികമായി കൈപ്പറ്റിയ തുക തിരികെ നൽകിയില്ല ചെലവ് ₹ 42567 തടസ്സത്തിൽ വെക്കുന്നു | 3-7 |
| 26 | ബിറ്റുമിൻ നൽകിയ ഇനത്തിൽ കരാറുകാരിൽ നിന്നും ഈടാക്കാൻ ബാക്കിയുള്ള തുക ഈടാക്കേണ്ടതാണ്. | 3-8 |
| 27 | റോഡ് ടാറിംഗ് പ്രവൃത്തികളിൽ പ്ലാസ്റ്റിക്ക് ഉപയോഗപ്പെടുത്തുന്നില്ല | 3-9 |
| 28 | പരിസ്ഥിതി സംരക്ഷണവും, മാലിന്യ സംസ്കരണവും ലക്ഷ്യമാക്കി നടപ്പാക്കുന്ന നൂതന പദ്ധതികൾ മാതൃകാപരം | 3-10 |
| 29 | ബഡ്സ് സ്കൂൾ പ്രവർത്തനം മെച്ചപ്പെടേണ്ടതാണ് | 3-11 |
| 30 | ഭവന പദ്ധതി അവലോകനം | 3-12 |
| | ഭാഗം-4 പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 31 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 32 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 33 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 34 | വായ്പ /വായ്പ തിരിച്ചടവ് | 4-4 |

| | | |
|---|---|---|
| 35 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 36 | ഓഡിറ്റ് റിക്കവറി | 4-6 |
| 37 | സമാഹൃത റിപ്പോർട്ട് | 4-7 |
| 38 | ചാർജ് സർചാർജ് നടപടി വഴി ഈടാക്കിയ തുകയുടെ വിവരം | 4-8 |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 40 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരങ്ങൾ | 4-10 |
| | അനുബന്ധങ്ങൾ | |
| 41 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 42 | റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-1 |
| 43 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-2 |
| 44 | ബാലൻസ് ഷീറ്റ് | അനുബന്ധം-2-3 |


# ഭാഗം –1

## പൊതു അവലോകനം

## പൊതു അവലോകനം

### 1-1 ബജറ്റ്

കോളയാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ബജറ്റ് 27/03/2017 തീയ്യതിയിലെ 71/17 തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 19/03/2018 തീയ്യതിയിലെ 1/45(18) നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

| | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 44,00,000 | 60,54,268 |
| | | |

| | | |
|---|---|---|
| വരവ് | 16,91,13,280 | 12,64,02,680 |
| ആകെ | 17,35,13,280 | 13,24,56,948 |
| ചെലവ് | 17,23,13,280 | 13,10,63,678 |
| നീക്കിയിരിപ്പ് | 12,00,000 | 13,93,270 |

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയ്യതി | ലഭിച്ച തീയ്യതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയ്യതി |
|---|---|---|
| 31/07/2018 | 31/05/2018 | തിരിച്ചയച്ചിട്ടില്ല |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിൻറെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയ്യതി | സർട്ടിഫിക്കറ്റ്/ തീയ്യതി |
|---|---|---|
| 2017-18 | 28/06/2018, 29/06/2018 | കെ.എസ്.എ./കെ.എൻ.ആർ./സി.11/ 1361/2018 തീയതി 23-8-2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെൻറ്)

| | |
|---|---|
| മുന്നിരിപ്പ് | 1,63,28,395 |
| വരവ് | 7,35,12,750 |
| ആകെ | 8,98,41,145 |
| ചെലവ് | 7,13,35,796 |
| നീക്കിയിരിപ്പ് | 1,85,05,349 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| വികസനഫണ്ട് പൊതുവിഭാഗം (ACRപ്രകാരം) | | | 1,23,80,273 | 1,23,80,273 | 10179740 | 2200533 |
| വികസനഫണ്ട് എസ്.സി.പി (ACR പ്രകാരം) | | | 561657 | 561657 | 462293 | 99364 |
| വികസനഫണ്ട് ടി.സി.പി (ACR പ്രകാരം) | | | 1,11,44,659 | 1,11,44,659 | 1,10,20,389 | 1,24,270 |
| മെയിൻറനൻസ്, റോഡ് (ACR പ്രകാരം) | | | 6789000 | 6789000 | 6730307 | 58693 |
| മെയിൻറനൻസ്, നോൺ റോഡ് (ACR പ്രകാരം) | | | 2795000 | 2795000 | 2733306 | 61694 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ (ACR പ്രകാരം) | | | 5705470 | 5705470 | 3379736 | 2325734 |
| സാക്ഷരത | | 1090 | 53 | 1143 | 0 | 1143 |
| ദുരിതാശ്വാസനിധി | | 5944 | 6327 | 12271 | 0 | 12271 |
| എം ജി എൻ ആർ ഇ ജി എസ് | തൊഴിലാളികളുടെ കൂലി | | 28202416 | 2820241 | 28202416 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 5963 | 1394821 | 1400784 | 1399284 | 1500 |

| | | | | | |
|---|---|---|---|---|---|
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | |
| പൈക്ക | 280000 | 0 | 280000 | 280000 | 0 |
| ഐ.സി.ഡി.എസ് | 531973 | 638156 | 1170129 | 296306 | 873823 |
| ശുചിത്വം | | 1171432 | 1171432 | 481908 | 689524 |
| പശ്ചിമഘട്ട വികസന പദ്ധതി | 2036275 | 4617972 | 6654247 | 2141868 | 4512379 |
| ബി ആർ ജി എഫ് | 62,929 | 0 | 62,929 | 0 | 62,929 |
| ബി പി എൽ | 100 | 0 | 100 | 0 | 100 |
| ജലനിധി | 792563 | 3519698 | 4312261 | 34,17,138 | 895123 |
| നബാർഡ് | 287667 | 4,98,000 | 7,85,667 | 4,98,000 | 2,87,667 |
| ബി ഫണ്ട് നെൽകൃഷി ബോണസ് | | 8000 | 8000 | 8000 | 0 |
| സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | | 30000 | 30000 | 30000 | 0 |
| തൊഴിലില്ലായ്മ വേതനം | | 11520 | 11520 | 11520 | 0 |
| സംസ്ഥാന സർക്കാർ ഗ്രാൻറ് | 2042953 | 26,33,753 | 46,76,706 | 11,43,949 | 35,32,757 |

| | | | | | | |
|---|---|---|---|---|---|---|
| ബി.എം.സി | | | 420000 | 420000 | 0 | 420000 |
| ജോയിൻറ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 1054000 | 1054000 | 345500 | 708500 |
| | | 1,21,111 | 0 | 1,21,111 | 0 | 1,21,111 |
| | ജില്ലാ പഞ്ചായത്ത് | | 34,42,500 | 34,42,500 | 4,34,000 | 3008,500 |
| | | 1,25,000 | 0 | 1,25,000 | 0 | 1,25,000 |
| ജനറൽ പർപ്പസ് ഗ്രാൻറ് * | | | 6833000 | | | |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 5681479 | 11818791 | 17500270 | 12164309 | 5335961 |
| | ട്രഷറി അക്കൗണ്ട് | 3473353 | 10342076 | 13815429 | 13177700 | 637729 |
| ഗുണഭോക്തൃ വിഹിതം | | 32643 | 207435 | 240078 | 124935 | 115143 |

* ജനറൽ പർപ്പസ് ഗ്രാന്റിന് മാത്രമായി അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ , ഈ ഇനത്തിന്റെ മുന്നിരിപ്പ്, ചെലവ്, നീക്കിയിരിപ്പ് വിവരങ്ങൾ എന്നിവ ലഭ്യമല്ല. പശ്ചിമഘട്ട വികസന പദ്ധതി നീക്കിയിരിപ്പായ ₹ 45,12,379 ൽ 25 ലക്ഷം 29-1-2018 നാണ് ലഭിച്ചിരിക്കുന്നത്. ബാക്കിയുള്ള 20,12,379 അർഹരായ ഗുണഭോക്താക്കളെ കണ്ടെത്താത്തതിനാൽ വിവിധ പദ്ധതികൾ ഉപേക്ഷിച്ചു. അതിനാൽ ₹ 45,12,379 ചെലവഴിയ്ക്കാതെ ബാക്കിയായി. ലൈഫ് മിഷൻ പദ്ധതിയ്ക്ക് വേണ്ടി ₹ 17-72 ലക്ഷം ലഭിച്ചത് 29-3-2018 നാണ്- അതിനാൽ ചെലവ് പൂർണ്ണമായിട്ടില്ല. ഇതുപോലെ മറ്റു ചില ഫണ്ടുകൾ (ബി എം സി) വർഷാന്ത്യം ലഭിക്കുന്നതിനാൽ ചെലവഴിക്കാതെയായിട്ടുണ്ട്- നിർമ്മൽ പുരസ്കാർ നീക്കിയിരിപ്പിൽ 4-13 ലക്ഷം പലിശ ഇനത്തിലുള്ളതാണ്. ഫണ്ട് ചെലവഴിച്ചതിന്റേയും ലാപ്സായതിന്റേയും വിവരം ചുവടെ കൊടുക്കുന്നു.

| **ഫണ്ടിനം** | **വരവ്** | **ചെലവ്** | **ചെലവ് ശതമാനം** | **ലാപ്സായ തുക (ശതമാനം)** |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | | |
| വികസനഫണ്ട് പൊതുവിഭാഗം (ACR പ്രകാരം) | 1,23,80,273 | 10179740 | 82-22 | 17-78 |
| വികസനഫണ്ട് എസ്.സി.പി (ACR പ്രകാരം) | 561657 | 462293 | 82-30 | 17-70 |
| വികസനഫണ്ട് ടി.എസ്.പി. (ACR പ്രകാരം) | 1,11,44,659 | 1,10,20,389 | 98-88 | 1-12 |
| മെയിൻറനൻസ്, റോഡ് (ACR പ്രകാരം) | 6789000 | 6730307 | 99-13 | 0-87 |
| മെയിൻറനൻസ്, നോൺ റോഡ് (ACR പ്രകാരം) | 2795000 | 2733306 | 97-79 | 2-21 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ (ACR പ്രകാരം) | 5705470 | 3379736 | 59-53 | 40-76 |

## 1-6 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 146 | 73371977 | 94 | 42573058 | 20 | 32 | 64-38 |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ അടങ്കൽ | ഏറ്റെടുത്ത പ്രൊജക്ടുകളുടെ എണ്ണം | ചെലവഴിച്ച തുക | നടപ്പിലാക്കിയ പ്രൊജക്ടുകളുടെ എണ്ണം | പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| | | | | | |

| | | | | | |
|---|---|---|---|---|---|
| സെക്രട്ടറി | 45,49,817 | 15 | 34,50,629 | 13 | 86-66 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 95,60,170 | 9 | 53,48,273 | 6 | 66.66 |
| അസിസ്റ്റൻറ് എഞ്ചിനീയർ | 4,16,81,312 | 73 | 2,12,52,494 | 54 | 73-97 |
| കൃഷി ഓഫീസർ | 35,54,850 | 14 | 20,31,700 | 11 | 78.57 |
| വെറ്റിനറി സർജ്ജൻ | 30,69,000 | 8 | 21,67,440 | 8 | 100 |
| മെഡിക്കൽ ഓഫീസർ പി എച്ച് സി | 10,72,000 | 4 | 7,39,208 | 4 | 68.95 |
| മെഡിക്കൽ ഓഫീസർ -ആയ്യുർവേദ | 7,58,000 | 5 | 7,36,115 | 5 | 100 |
| ഐ സി ഡി എസ് സൂപ്പർ വൈസർ | 38,77,600 | 5 | 36,51,551 | 5 | 100 |
| അസിസ്റ്റൻറ് സെക്രട്ടറി | 31,81,000 | 7 | 11,50,000 | 2 | 28.57 |
| ഹെഡ് മാസ്റ്റർ | 20,68,228 | 6 | 20,45,648 | 6 | 100 |

<u>പൂർത്തിയാകാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ -ഇല്ല</u>

**പദ്ധതി ആസൂത്രണ നിർവ്വഹണ നടപടികൾ**

പതിമൂന്നാം പഞ്ചവത്സര പദ്ധതി വാർഷീക പദ്ധതി തയ്യാറാക്കൽ ആസൂത്രണ സമിതി, വർക്കിംഗ് ഗ്രൂപ്പ് രൂപീകരണം, വികസന രേഖ തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാർ ഉത്തരവ് എം എസ് നം 72/2017 തസ്വ ഭ വ തീയതി 29/3/2017 പ്രകാരവും & സർക്കാർ ഉത്തരവ് എം എസ് നം 10/2017 തസ്വ ഭ വ തീയതി 9/1/2017 പ്രകാരവും അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് ഇതിൽ ആദ്യഘട്ട പ്രവർത്തനങ്ങളായ ആസൂത്രണ സമിതിയിൽ 16അംഗങ്ങൾ ഉൾപ്പടുത്തി രൂപീകരിച്ചിട്ടുണ്ട്. പ്രഥമ യോഗം 15-2-2017 ന് ചേർന്നിട്ടുണ്ട്. 2017-18 പദ്ധതിയുമായി ബന്ധപ്പെട്ട് 8 യോഗങ്ങൾ ചേർന്നിട്ടുണ്ട്. പതിമൂന്നാം പദ്ധതി ആസൂത്രണം,വികസന രേഖ കരട് തയ്യാറാക്കൽ, അന്തിമ വികസന രേഖ തയ്യാറക്കൽ എന്നിവയ്ക്കായി യോഗം ചേർന്നിട്ടുണ്ട്- ആസൂത്രണ സമിതി അംഗങ്ങളേയും , നിർവ്വഹണ ഉദ്യോഗസ്ഥരേയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഏകദിന ശിൽപ്പ ശാലയിൽ വാർഷിക പദ്ധതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ട്. മിനുട്ട്സിൽ തീരുമാനങ്ങൾ രേഖപ്പെടുത്തുന്നുണ്ട്.

വർക്കിംഗ് ഗ്രൂപ്പ് - ആസൂത്രണസമിതിയുടെ നേതൃത്വത്തിൽ വർക്കിംഗ് ഗ്രൂപ്പ് ജനറൽ ബോഡി പുന: സംഘടിപ്പിച്ചിട്ടുണ്ട് പട്ടിക വർഗ്ഗ വർക്കിംഗ് ഗ്രൂപ്പ് ഉൾപ്പെടെ പഞ്ചായത്തിൽ 13 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട് -വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ്സമിതി രൂപീകരിച്ചിട്ടുണ്ട് ( 25-7-2017ലെ വികസന സ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനം -16/17(1) -ം നമ്പർ തീരുമാനം

**ഗ്രാമസഭ** -പദ്ധതി ആസൂത്രണ നിർവ്വഹണ നടപടികൾളുടെ പ്രധാന ഘടകമായ ഗ്രാമ സഭകൾ 14 വാർഡിലും തൻ വർഷം യോഗങ്ങൾ കൂടിയിട്ടുണ്ട് (4/17- ,7/17- ,11/17- , 2/18 ) 4/17 ലാണ് ആസൂത്രണ ഗ്രാമ സഭ കൂടിയത്. ഈ ഗ്രാമസഭയിൽ പദ്ധതി നിർദ്ദേശങ്ങൾ ഉണ്ടായിട്ടുണ്ട്. ഊരുകൂട്ട ഗ്രാമ സഭകൾ ചില ഊരുകളിൽ 3ഉം മറ്റു ചിലതിൽ 4 എണ്ണവും കൂടിയിട്ടുണ്ട്. ഊരുകൂട്ടങ്ങളിൽ സജീവമായ ജനപ്രാതിനിധ്യവും ചർച്ചകളും നടക്കുന്നുണ്ട്. വനമേഖല യോട് അടുത്തുള്ള ഊരുകൂട്ടങ്ങളിൽ ഫോറസ്റ്റ് അതിരുകളിൽ കമ്പി വേലി, കോളനിക്കുള്ളിൽ സ്ട്രീറ്റ് ലൈറ്റ് എന്നിവ സ്ഥാപിക്കുക എന്നിവയ്ക്കായി നിർദ്ദേശങ്ങൾ വച്ചിട്ടുണ്ട്. ഐരാണിക്കുണ്ട്, ചെമ്പുക്കാവ് മുതലായ ഊരുകൂട്ടങ്ങളിൽ സാംസ്കാരിക നിലയം, ട്യൂഷൻ സെന്റർ എന്നിവ തുടങ്ങുവാനും നിർദ്ദേശിച്ചിട്ടുണ്ട്.

പെരുവ പിഎച്ച് സി ഇൻപേഷ്യന്റ് വിഭാഗത്തിലുള്ളതാക്കാൻ വേണ്ടി പാറക്കുണ്ട്, കുട്ടപ്പാലം എന്നീ ഊരുകൂട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുണ്ട്. പാർശ്വവത്ക്കരിക്കപ്പെട്ട ഒരു ജന വിഭാഗത്തിന്റെ ആവശ്യങ്ങൾ പരിഹരിക്കപ്പെടേണ്ടതാണ്

**വികസന സെമിനാർ**

29-4-2017-ന് വികസന സെമിനാർ സംഘടിപ്പിച്ചിട്ടുണ്ട്. സെമിനാറിൽ 150 പേർ പങ്കെടുത്തിട്ടുണ്ട്-

**വാർഷിക പദ്ധതി അംഗീകാരം –** ജില്ലാ ആസൂത്രണ സമിതിയുടെ 82/2017 /DPC/DPO/KNR/തീയതി 26-3-2018 പ്രകാരം വാർഷീക പദ്ധതികൾക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അന്തിമ അംഗീകാരം ലഭിച്ചിട്ടുണ്ട്.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 5963 | 1394821 | 1400784 | 1399284 | 1500 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 2,82,02,416 | 2,82,02,416 | 2,82,02,416 | 0 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 11,520 | 24 |
| കർഷക തൊഴിലാളി പെൻഷൻ | 33,97,500 | 286 |
| വിധവാ പെൻഷൻ | 92,71,900 | 805 |
| വാർദ്ധക്യകാലപെൻഷൻ | 1,86,71,000 | 1650 |
| വികലാംഗ പെൻഷൻ | 23,23,000 | 226 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 1,11,75,000 | 98 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24-11- 2018 ന് 3 pm ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹ 22,839 രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു

## 1-10 ആഭ്യന്തര നിയന്ത്രണം

ജീവനക്കാരുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ,നിർദ്ദേശങ്ങൾ നൽകുന്നതിനുമായിട്ടുള്ള സ്റ്റാഫ് മീറ്റിംഗുകൾ പ്രതിമാസം കൂടുന്നില്ല- 2017-18 - ൽ ആകെ 7 തവണ മാത്രമാണ് ഓഫീസ് മീറ്റിംഗ് ചേർന്നിട്ടുള്ളത്. കുടിശ്ശിക നികുതി പിരിച്ചെടുക്കുവാനും, അനധികൃത കെട്ടിട നിർമ്മാണങ്ങൾ കണ്ടെത്തി സ്റ്റോപ്പ് മെമ്മോ നൽകുവാനും, പ്ലാസ്റ്റിക് ക്യാരി ബാഗ് ഉപയോഗിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുവാനും ജീവനക്കാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഓഫീസ് ഓർഡർ ബുക്കിൽ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഇൻകുംബെൻസി മാസ്റ്റർ രജിസ്റ്റർ പൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്തി തയ്യാറാക്കേണ്ടതാണ്. നിർവ്വഹണ ഉദ്യോഗസ്ഥന്മാരുടെ പ്രതിമാസ യോഗങ്ങൾ ചേരുകയും പദ്ധതി നിർവ്വഹണത്തിലെ പ്രായോഗിക തടസ്സങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ, വസ്തുനികുതി ഡിമാന്റ്, തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, ഡി & ഒ രജിസ്റ്റർ, വാപാരികളുടെ പട്ടിക എന്നിവ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടുണ്ട്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പൊതുഭരണം മെച്ചപ്പെടുത്തുന്നതിന് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുന്നതായോ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ഇക്കാര്യം അജണ്ട വെച്ച് ചർച്ച ചെയ്തതായോ കാണുന്നില്ല. തീരുമാനങ്ങൾ നടപ്പിലാക്കുന്നുണ്ടോയെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല.

ജീവനക്കാർ എഴുതി സൂക്ഷിക്കുന്ന പേഴ്സണൽ രജിസ്റ്ററുകൾ പരിശോധിച്ചതിൽ ഫയൽ മേലുദ്യോഗസ്ഥന് സമർപ്പിച്ചതിന്റെയോ തീർപ്പാക്കിയതിന്റെയോ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.സെക്ഷനുകളിൽ സ്വീകരിച്ച ഫയലുകളുടെ വിവരങ്ങൾ മാത്രമാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത്. റണ്ണിംഗ് നോട്ട് സൂക്ഷിക്കുന്നില്ല. പേഴ്സണൽ രജിസ്റ്റർ മേലുദ്യോഗസ്ഥന് സമർപ്പിക്കുകയോ മേലുദ്യോഗസ്ഥൻ പരിശോധിക്കുകയോ ചെയ്യുന്നില്ല. ആയതിനാൽ എത്ര ഫയൽ ലഭിച്ചെന്നോ എത്ര ഫയൽ തീർപ്പാക്കിയെന്നോ നിർണയിക്കാൻ കഴിയില്ല. ആദ്യം അപേക്ഷിച്ചവർക്കു തന്നെ ആദ്യം സേവനം നൽകുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് പഞ്ചായത്തിന് കഴിയാതെ വരുന്നു.

രജിസ്റ്ററുകളും രേഖകളും ശരിയായി എഴുതിസൂക്ഷിക്കുകയും മേലുദ്യോഗസ്ഥരും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും മേൽനോട്ടച്ചുമതലകൾ നിർവ്വഹിക്കുയും ചെയ്താലേ ഗ്രാമപഞ്ചായത്തിന്റെ സുതാര്യവും സുഗമവുമായ നടത്തിപ്പ് സാദ്ധ്യമാകുകയുള്ളൂ.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻറെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11-10-18 | 1-6-18 മുതൽ 30-9-18 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടൻറ് ജനറലിൻറെ ഓഡിറ്റ് | 20-8-2011 മുതൽ 26-8-2011 | 2008-09 മുതൽ 2010-11 വരെ | 30-01-2012 |

1-12 വാർഷിക ധനകാര്യപത്രികയിലെ അപാകം

1.ഗ്രാമ പഞ്ചായത്ത് നൽകിയ 3 മാസത്തിലധികമായി എൻക്യാഷ് ചെയ്യാത്ത ചെക്കുകളുടെ തുക കാലാവധി കഴിഞ്ഞ ചെക്കുകൾ(Liability in respect of Stale cheque) എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

2.വസ്തു നികുതി, വസ്തുനികുതി കുടിശ്ശിക ഇനങ്ങൾ ഡിമാന്റ്, കലക്ഷൻ ,ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ് വെയറിലെ വിവരങ്ങൾ വാർഷിക ധനകാര്യ പത്രികയിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല.

3.ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 ക്യാമ്പ് കലക്ഷൻ - പിരിവ് രസീത് മേൽപരിശോധന നടത്തുന്നില്ല

18-06-2017 മുതൽ 30-10-2018 വരെ വിവിധ ഉദ്യോഗസ്ഥൻമാർക്കായി 28 രസീത് ബുക്കുകൾ വിതരണം ചെയ്തിട്ടുണ്ട്. ആയതിൽ 29-12-2017 വരെ വിതരണം ചെയ്ത രസീത് ബുക്ക് പ്രകാരമുള്ള പിരിവ് അക്കൗണ്ടന്റ് അല്ലെങ്കിൽ ഹെഡ് ക്ലർക്ക് മേൽ പരിശോധന നടത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തീയതിക്കുശേഷം വിതരണം ചെയ്ത 16 രസീത് ബുക്കുകളിൽ ഒരു രസീത് ബുക്ക് മാത്രമാണ് പരിശോധന നടത്തിയിട്ടുള്ളത്. ഈ കാലയളവിൽ പരിശോധന നടത്താത്തതിനാൽ ഒടുക്കിൽ കുറവു വന്ന 293 രൂപ( ബുക്ക് നമ്പർ 43740,രസീത് നമ്പർ 62 )ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തി തിരിച്ചടക്കുകയുണ്ടായി. മാന്വൽ രസീത് പ്രകാരമുള്ള തുകയുടെ പിരിവ്, ഒടുക്ക് എന്നിവയുടെ കൃത്യത ഉറപ്പ് വരുത്തുന്നതിനായി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ യഥാസമയം മേൽ പരിശോധന നടത്തേണ്ടതാണ്.

## 2-2 മുഴവൻ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

2017-18കാലയളവിൽ ഡി & ഒ ലൈസൻസ് എടുത്ത താഴെ പറയുന്ന വ്യാപാരസ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം സ്ഥാപന ഉടമ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായി തൊഴിലുടമയോട് റിട്ടേൺ സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകുകയോ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപന ഉടമയുടെ പേര് | വാർഡ്/കെട്ടിട നമ്പർ | സംരംഭം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| | | | | |
| 1 | സിബു പീറ്റർ | 14/468 | മോഡേൺ ഇന്റസ്ട്രീസ്, സ്റ്റോൺ ക്രഷർ | 6 |
| 2 | വി പി പ്രഭാകരൻ | 14/419A | ഹോളി ഗ്രാനൈറ്റ് ആന്റ് ബ്രിക്സ്, ഹോളോ ബ്രിക്സ് ആന്റ് ക്രഷർ | 13 |
| 3 | സണ്ണി വി യു | 7/201A | പവ്വർഹോളോബ്രിക്സ്, ഹോളോബ്രിക്സ് നിർമ്മാണം | 8 |
| 4 | ലിസമ്മജോസ് | 2/369D | ജീവ ന്യൂട്രിമിക്സ് | 4 |
| 5 | ബിനു കെ എസ് | 8/441,442 | ഫേമസ് ബേക്കറി | 3 |
| 6 | മൈക്കിൽ ജോർജ്ജ് | 2/379A,B | കള്ളിവയലിൽ ഇന്റസ്ട്രീസ്,<br>കുടിവെള്ളം പാക്ക് ചെയ്ത് വില്പന | 6 |
| 7 | എം എം തോമസ് | 12/63, 245A, 245B, 249, 250, 250A | മലബാർ കൺസ്ട്രക്ഷൻ ആന്റ് മെറ്റീരിയൽ, ഹോളോബ്രിക്സ്, പാറമണൽ നിർമ്മാണം | 11 |

| | | | | |
|---|---|---|---|---|
| 8 | എം എം തോമസ് | 12/415A, 415B415D, 415E,415F | താർ മിക്സിംഗ് പ്ലാന്റ് | 10 |
| 9 | സാബു കെ വി | 12/318 | എടയാർ ഹോളോബ്രിക്സ് | 5 |
| 10 | സാബു കെ വി | 12/318B | എടയാർ ഇന്റർലോക്ക് | 3 |
| 11 | സിബി ജോർജ്ജ് | 6/455A | സയന്റിഫിക് ഇന്റർ നാണൽ | 3 |
| 12 | ജോഷി എംടി | 13/49 | വി ഫാബ് അലുമിനിയം ഫാബ്രിക്കേഷൻ | 3 |
| 13 | ഇ ജി സുരേഷ് | 4/174 | ലക്ഷ്മി ടിമ്പർ ഇന്റസ്ട്രീസ്, | 4 |
| | | | | |
| 14 | റോബർട്ട് ജയിംസ് | 14/265A265B | കൃപ ഡിസൈനർ ബ്രിക്സ്, ഹോളോബ്രിക്സ് ,ഇന്റർലോക്ക് നിർമ്മാണം | 3 |

1994 ലെ കേരള പഞ്ചായത്ത് ആക്ട് സെക്ഷൻ 205 (സി) പ്രകാരം തൊഴിലുടമയോടോ അവരുടെ പ്രതിനിധികളോടോ ജോലി ചെയ്യുന്നവരുടെ പേര് അടങ്ങിയ ലിഖിതമായ ഒരു ലിസ്റ്റും അങ്ങനെയുള്ളവരുടെ ശമ്പളത്തെയോ വരുമാനത്തെയോ സംബന്ധിച്ച ലിസ്റ്റും സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ ഗ്രാമപഞ്ചായത്തിലുള്ള മുഴവൻ തൊഴിലുടമകൾക്കും ഇപ്രകാരം നോട്ടീസ് നൽകേണ്ടതും ജീവക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ ലഭ്യമാകേണ്ട തൊഴിൽ നികുതി മുഴവനായും ലഭ്യമാവുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 2-3 കെട്ടിട നിർമ്മാണചട്ടങ്ങൾ പാലിക്കാതെ നിർമ്മിച്ച കെട്ടിടങ്ങൾ തെറ്റായി ക്രമവത്കരിച്ച് നമ്പർ അനുവദിച്ചു

2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 35 പട്ടിക 2 പ്രകാരം കാറ്റഗറി II വില്ലേജ് പഞ്ചായത്തിൽ വാണിജ്യാവശ്യങ്ങൾക്കായി നിർമ്മിക്കുന്ന ഗ്രൂപ്പ് എഫ് ഗണത്തിൽ പെടുന്ന കെട്ടിടങ്ങൾക്ക് അനുവദനീയമായ പരമാവധി കവറേജ് 55% ആണ്. ( 31-10-2017 തീയതിയിലെ കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ഭേദഗതി ഉത്തരവായ ജി.ഒ.(പി)നം 81/2017/തസ്വഭവ പ്രാബല്യത്തിൽ വരുന്നതിന് മുൻപ് ബാധകമായത്). എന്നാൽ മേൽ പരിധിയിൽ കവിഞ്ഞ കവറേജുള്ള ഗ്രൂപ്പ് എഫ് ഗണത്തിൽ പെടുന്ന രണ്ട് കെട്ടിടങ്ങൾക്ക് അസിസ്റ്റന്റ് എഞ്ചിനീയറുടെ ശുപാർശപ്രകാരം അധികം വന്ന

കവറേജിന് ഒരു ചതുരശ്രമീറ്ററിന് 500രൂപ കണക്കാക്കി ഫീസ് ഈടാക്കി ക്രമവത്കരിച്ച് നമ്പർ അനുവദിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| കെട്ടിട ഉടമസ്ഥൻ | ബാബു ഇരിങ്ങോളിൽ | കെ എം ജോസഫ് കുരിശിങ്കൽ |
| വാർഡ്/ കെട്ടിട നം | 8/55A മുതൽ F വരെ | 14/391A മുതൽ Eവരെ |
| ഡിമാന്റ് നം | 7386മുതൽ 7391 വരെ | 7444മുതൽ 7448 വരെ |
| ഫയൽ നമ്പർ | A2/6542/16 | A2/3357/17 |
| ആകെ തറവിസ്തീർണ്ണം | 276.01 | 165.49 |
| കവറേജ് | 62.04 | 56.99 |
| അധികം വന്ന കവറേജ് | 7.04 | 1.99 |
| ഈടാക്കിയ ഫീസ്(ക്രമവത്കരണ ഫീസ് ഉൾപ്പടെ) | 6281 | 1905 |
| രസീത് നം/തീയതി | 117020100308/26-4-17 | 117020101051/12-7-17 |

പരിധിയിൽ കവിഞ്ഞ കവറേജിന് ഇപ്രകാരം ഫീസ് ഈടാക്കികൊണ്ട് ക്രമവത്കരിക്കുന്നതിന് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്യുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 28തീയതി 24-11-18) ലഭ്യമാക്കിയ മറുപടിയിൽ കവറേജ് അധികരിച്ചതിന് എഫ്.എ.ആർ അധികരിച്ചാൽ ഫീസ് ഈടാക്കുന്നതു പോലെ ഫീസ് ഈടാക്കി ക്രമവത്കരിക്കാൻ അബദ്ധത്തിൽ ശുപാർശ ചെയ്തുത് പോയതാണെന്ന് അറിയിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ നിർമ്മിച്ച മേൽ പറഞ്ഞ കെട്ടിടങ്ങൾ അനധികൃത നിർമ്മാണമായി കണക്കാക്കി നിയമാനുസൃതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 ചീഫ് ടൗൺ പ്ലാനറുടെ അനുമതിയില്ലാതെ പെർമിറ്റ് അനുവദിച്ചു

2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 61 പ്രകാരം അപായസാദ്ധ്യതാ കൈവശ ഗണത്തിന്റെ കീഴിലുള്ള ഒരു ഹെക്ടർ വരെ വിസ്തീർണ്ണമുള്ള പ്ലോട്ടിന്റെയും 1000 ചതുരശ്രമീറ്റർ വരെ തറവിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ ലേ ഔട്ടിന്റെ ഉപയോഗത്തിനും ഡിസ്ട്രിക്ട് ടൗൺപ്ലാനറുടെ അനുമതി നേടേണ്ടതും ഇതെപ്പോലെ ഒരു ഹെക്ടർ വരെ വിസ്തീർണ്ണത്തിൽ കവിഞ്ഞുള്ള പ്ലോട്ടിന്റെയും 1000 ചതുരശ്രമീറ്ററിൽ കവിഞ്ഞ് തറവിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ ലേഔട്ടിന്റെ ഉപയോഗത്തിനും വേണ്ടി ചീഫ് ടൗൺപ്ലാനറുടെ അനുമതി നേടേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത കൈവശ ഗണത്തിന്റെ കീഴിലുള്ള താഴെ പറയുന്ന കെട്ടിടത്തിന്റെ നിർമ്മാണത്തിന് ഇപ്രകാരം ചീഫ് ടൗൺപ്ലാനറുടെ അനുമതി നേടാതെ പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| |
|---|
| അപേക്ഷകന്റെ പേര് - കെ പി തിലകരാജൻ |

| |
|---|
| |
| വാർഡ് നം- 10 |
| സർവ്വെ നം- 45/102, 45/103,45/105 |
| കെട്ടിടത്തിന്റെ ഗണം- അപായസാദ്ധ്യതയുള്ളത് (ഗ്രൂപ്പ് I) |
| പ്ലോട്ടിന്റെ വിസ്തീർണ്ണം - 1. 643 ഹെക്ടർ |
| കെട്ടിടത്തിന്റെ ആകെ തറവിസ്തീർണ്ണം - 1006 . 71 ചതുരശ്രമീറ്റർ |
| പെർമിറ്റ് നം , തീയതി -A2- BA(22305)/2018, 1-2-2018 |
| ഈടാക്കിയ പെർമിറ്റ് ഫീ, തീയതി- ₹5034 |
| രസീത് നം, തീയതി- 117020103901,1-2-2018 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 31 തീയതി 27-11-18 )ലഭ്യമാക്കിയ മറുപടിയിൽ മേൽ പറഞ്ഞ കെട്ടിടം ഗ്രൂപ്പ് ജി1ൽ പെടുന്ന കെട്ടിടമാണെന്നും , 1500 ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള അത്തരം കെട്ടിടങ്ങളുടെ നിർമ്മാണത്തിന് ടൗൺ പ്ലാനറുടെ അനുമതി ആവശ്യമില്ലാത്തതാണെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ഫയൽപരിശോധിച്ചതിൽ മേൽ കെട്ടിടത്തിൽ

ഗ്രൂപ്പ് I ഉൾപ്പെടുത്തിയാണ് പെർമിറ്റ് അനുവദിച്ചിട്ടുള്ള എന്നത് വ്യക്തമാണ്. ആയതിനാൽ മേൽ മറുപടി അംഗീകരിക്കാവുന്നതല്ല. ആയതിനാൽ പ്രസ്തുത കെട്ടിടത്തിന്റെ പ്ലാൻ അപ്രൂവൽ സംബന്ധിച്ച് ചീഫ് ടൗൺ പ്ലാനറുടെ അനുമതി ലഭ്യമാക്കേണ്ടതാണ്. കെട്ടിടങ്ങളുടെ പെർമിറ്റ് അനുവദിക്കുന്ന സന്ദർഭങ്ങളിൽ ചട്ടപ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 2-5 ബി എസ് എൻ എൽ - മൊബൈൽ ടവറിന് വസ്തുനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല

കോളയാട് ഗ്രാമപഞ്ചായത്തിലെ പതിനൊന്നാം വാർഡിൽ ബി എസ് എൻ എൽ ന്റെ ഉടമസ്ഥതയിൽ ഒരു മൊബൈൽ ടവർ പ്രവർത്തിക്കുന്നുണ്ട്. (24-11-2018 തീയതിയിൽ നൽകിയ എൻക്വയറി നമ്പർ 28 ന് ലഭ്യമാക്കിയ മറുപടി അനുസരിച്ച്). എന്നാൽ ആയതിന് വസ്തുനികുതി ഡിമാന്റ് ചെയ്തിട്ടില്ല കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 207 പ്രകാരം വസ്തുനികുതി ഈടാക്കുന്നതിൽ നിന്നും ഒഴിവാക്കിയ കെട്ടിടങ്ങൾക്ക് ഒഴികെയുള്ളവയ്ക്ക് ഗ്രാമപഞ്ചായത്ത് നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. ജിഒ(ആർ ടി)2640/2012/തസ്വഭവ തീയതി 19-9-2012 പ്രകാരം ബി എസ് എൻ എൽ മൊബൈൽ ടവറിന് വസ്തുനികുതി ഈടാക്കുന്നതിൽ നിന്നും ഒഴിവാക്കേണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ വസ്തുനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-6 ഇ-ടെണ്ടർ ഫിയിനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള ₹ 1,43,508 രൂപ തിരികെ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

2017-18 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ താഴെ പറയുന്ന മരാമത്ത് പ്രവൃത്തികൾക്ക് ഇ.ടെണ്ടർ നടപടികൾ പൂർത്തിയാക്കിയത് എൽ.എസ്.ജി.ഡി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ട് മുഖേനയാണ്. പ്രസ്തുത ടെണ്ടറുകൾക്ക് എക്സിക്യൂട്ടീവ് എഞ്ചിനിയർ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത ടെണ്ടർ ഫി ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ലഭ്യമായിട്ടില്ല,

| ക്രമ നം. | പ്രൊജക്ട് നം | പ്രവൃത്തിയുടെ പേര് | ടെണ്ടർ ഫി |
|---|---|---|---|
| 1 | 45 /17-18 | എ. കെ. ജി നഗർ സാസ്കരിക നിലയംഒന്നാംനില നിർമ്മാണം. | 2800 |
| 2 | 31 /17-18 | അത്തൂർ അംഗൻവാടി കെട്ടിടം റിപ്പയർ | 1568 |
| 3 | 69/17-18 | മൂപ്പൻ കൊളപ്പ ഫുട്പ്പാത്ത് കോൺക്രീറ്റ് | 2800 |
| 4 | 75 /17-18 | കരോത്ത് കോളനി സാംസ്കാരിക നിലയം നിർമ്മാണം | 2800 |
| 5 | 51 /17-18 | കൊമ്മേരി ഗവൺ. സ്കൂൾ നവീകരണം | 2800 |

| | | | | |
|---|---|---|---|---|
| 6 | 71 /17-18 | കടലുകണ്ടം VSS മണ്ണയാട് ഫുട്പ്പാത്ത് കോൺക്രീറ്റിംഗ് | | 2800 |
| 7 | 47 /17-18 | എടയാർ സാംസ്കാരിക നിലയം റിപ്പയർ | | 2240 |
| 8 | 30 /17-18 | കണ്ണമ്പള്ളി ഫുട്പ്പാത്ത് നിർമ്മാണം | | 1792 |
| 9 | 28 /17-18 | കുടുംബശ്രീ വിപണനകേന്ദ്രം നവീകരണം | | 1792 |
| 10 | 49 /17-18 | കോളയാട്-ചാളയ്ക്കൽ ഫുട്പ്പാത്ത് കോൺക്രീറ്റിംഗ് | | 1568 |
| 11 | 67 /17-18 | തെറ്റുമ്മൽ കോളനി ഫുട്പ്പാത്ത് കോൺക്രീറ്റിംഗ് | | 1568 |
| 12 | 49 /17-18 | കോളയാട് ടൗൺ കുടിവെള്ള പദ്ധതി റിപ്പയർ | | 1120 |
| 13 | 26 /17-18 | കൃഷി ഭവൻ റിപ്പയർ | | 2800 |
| 14 | 32 /17-18 | ആലച്ചേരി മുതുവാട് റോഡ് ടാറിംഗ് | | 2800 |
| 15 | 34 /17-18 | എടവട്ടം ഇരുൾപറമ്പ റോഡ്ടാറിംഗ് | | 2800 |
| 16 | 37 /17-18 | കല്ലേറ്റം പപ്പൻ പീടിക റോഡ് ടാറിംഗ് | | 2800 |
| 17 | 46 /17-18 | ഈരായിക്കൊല്ലി സാംസ്കാരിക നിലയം റിപ്പയർ | | 2800 |
| 18 | 53 /17-18 | മച്ചിക്കണ്ടി- ചോല-കോളയാട് റോഡ് ടാറിംഗ് | | 2240 |
| 19 | 55 /17-18 | പെരന്തോടി- മാച്ചാല റോഡ് റീ ടാറിംഗ് | | 2800 |
| 20 | 57/14-18 | ആര്യപ്പറമ്പ്- ചന്ത്രോത്ത് റോഡ് റീ ടാറിംഗ് | | 2800 |
| 21 | 58 /17-18 | നാല്പാടി മണ്ടപം- കരിഞ്ചോത്ത് റോഡ് റീ ടാറിംഗ് | | 2240 |
| 22 | 59 /17-18 | കോളയാട് പുത്തലംറോഡ് റീ ടാറിംഗ് | | 2240 |
| 23 | 60 /17-18 | കൊമ്മേരി കുറ്റ്യാട്- നിട്ടുംപൊയിൽ റോഡ് ടാറിംഗ് | | 2800 |
| 24 | 63 /17-18 | കുറ്റ്യാട് സാംസ്കാരിക നിലയംഒന്നാംനില നിർമ്മാണം | | 2800 |
| 25 | 66 /17-18 | മുതുവത്താർക്കുന്ന്- മാച്ചോല നടപ്പാത നിർമ്മാണം | | 1344 |

| | | | |
|---|---|---|---|
| 26 | 68 /17-18 | കോഴിമൂല മരാടിക്കുന്ന് നടപ്പാത കോൺക്രിറ്റിംഗ് | 1120 |
| 27 | 165 /17-18 | ഖരമാലിന്യങ്ങൾ വേർതിരിച്ച് സംഭരിക്കുന്നിനുള്ള MRF സ്ഥാപിക്കൽ | 2800 |
| 28 | 174 /17-18 | ചൊവ്വക്കാവ്- പൂഞ്ചക്കര റോഡ് അഭിവൃദ്ധിപ്പെടുത്തൽ | 1568 |
| 29 | 175 /17-18 | ചോല മേനച്ചോടി റോഡ് ടാറിംഗ് | 1680 |
| 30 | 50 /17-18 | ആലച്ചേരി അംഗൻവാടി- തുടർ വിദ്യാകേന്ദ്രം റിപ്പയർ | 2800 |
| 31 | 179 /17-18 | മിനി MRF യൂണിറ്റ് സ്ഥാപിക്കൽ | 2800 |
| 32 | 45 /17-18 | എ.കെ.ജി. നഗർ സാംസ്കാരിക നിലയം ഒന്നാം നില നിർമ്മാണം | 2800 |
| 33 | 31 /17-18 | അത്തൂർ അംഗൻവാടി കെട്ടിട റിപ്പയർ | 1568 |
| | | ആകെ | 76048 |

അസി. എഞ്ചിനിയർ ലഭ്യമാക്കിയ റിപ്പോർട്ടനുസരിച്ച് 2015-16 –ൽ ₹ **24700,** രൂപയും, 2016-17 – ₹ **42760** രൂപയും 2017-18 ൽ₹- **76048** രൂപയും ഉൾപ്പെടെ **ആകെ ₹ 1,43,508** രൂപ എക്സിക്യൂട്ടീവ് എഞ്ചിനിയർ അക്കൗണ്ടിലുണ്ട്. ഈ തുകയിൽ ഗ്രാമപഞ്ചായത്തിന് അർഹമായ തുക തിരികെ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## <u>ഭാഗം –3</u>

## <u>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

<u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

### 3-1 തെങ്ങ് കൃഷി വികസനം -ജൈവവളങ്ങളുടെ പ്രാദേശിക ലഭ്യതയും ഗുണനിലവാരവും ഉറപ്പുവരുത്തേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ : കൃഷി ഓഫീസർ

പ്രോജക്ട് നമ്പർ : എസ്. ഒ. 103/17-18

പ്രോജക്ടിന്റെ പേര് : തെങ്ങ് കൃഷി വികസനം

അടങ്കൽ : ₹ 2,35,080 വികസന ഫണ്ട്

ചെലവ് തുക : ₹ 2,35,080

ആകെ : ₹ 2,35,080

ഗ്രാമപഞ്ചായത്ത് പരിധിയിലെ 202 ഗുണഭോക്താകളുടെ 3918 തെങ്ങുകൾക്ക് ജൈവവളം ( വേപ്പിൻ പിണ്ണാക്ക്, എല്ലുപൊടി, കുമ്മായം ഡോളോമൈറ്റ്) എന്നിവ വിതരണംചെയ്യുക എന്നതാണ് ഈ പദ്ധതിപ്രകാരം നടപ്പാക്കിയിട്ടുള്ളത്. ഗുണഭോക്താക്കൾ പ്രസ്തുത വളം വാങ്ങി ബിൽ കൃഷി ഭവനിൽ സമർപ്പിക്കുന്ന മുറയ്ക്ക് കർഷകരുടെ അക്കൗണ്ടിലേക്ക് സബ്സിഡി ലഭ്യമാക്കുക എന്നതാണ് പ്രോജക്ടിൽ വിഭാവനം ചെയ്തിട്ടുള്ളത്. പന്ത്രണ്ടാംപദ്ധതി മാർഗ്ഗരേഖ (സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 4/2016/ തസ്വഭവ, തിരുവനന്തപുരം, തീയതി : 11-01-2016) അനുബന്ധം 15ൽ 3-1 -a പ്രകാരം പ്രാദേശികമായി ഉല്പാദിപ്പിക്കുന്ന ജൈവ കമ്പോസ്റ്റ് വളങ്ങൾ തദ്ദേശ സ്വയംഭരണസ്ഥാപനം നടത്തുന്ന മാലിന്യസംസ്കരണ പ്ലാന്റിൽ നിന്ന് നേരിട്ട് കൃഷി ഓഫീസർ കൺവീനറായ പർച്ചേസ് കമ്മറ്റി വാങ്ങി വിതരണം ചെയ്യേണ്ടതാണ് എന്നും, ലഭ്യമല്ലാത്ത സംഗതികളിൽ ലോക്കൽ പർച്ചേസ് നടത്താവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഈ പ്രോജക്ടിൽ അംഗീകൃത വളം ഡിപ്പോവിൽ നിന്നും ജൈവവളവും, ഡോളമൈറ്റും വാങ്ങി കർഷകർ ബില്ല് സമർപ്പിക്കുന്നതിനനുസരിച്ച് ജില്ലാതലത്തിൽ നിർണ്ണയിച്ച യൂണിറ്റ് കോസ്റ്റിന്റെ അടിസ്ഥാനത്തിൽ സബ്സിഡി തുക കർഷകരുടെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്യുകയാണ് ചെയ്തിട്ടുള്ളത്. പരമ്പരാഗതമായ കാലിവളർത്തൽ കൂടുതൽ ഉള്ള മേഖല എന്ന നിലയിൽ പ്രാദേശികമായി ലഭ്യമാവുന്ന കാലിവളം, ജൈവ കമ്പോസ്റ്റ് എന്നിവ തദ്ദേശീയമായി ലഭ്യമാവുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾക്ക് പ്രാമുഖ്യം നൽകേണ്ടതാണ്. തദ്ദേശീയമായി മതിയായ അളവിൽ ജൈവവളം ലഭ്യമാക്കാത്ത സാഹചര്യത്തിൽ വളം ഡിപ്പോവിലൂടെയുള്ള ജൈവവളത്തെ ആശ്രയിക്കേണ്ടി വരുകയാണെങ്കിൽ അവയുടെ ഗുണനിലവാരം ശാസ്ത്രീയമായി പരിശോധിച്ച് ഉറപ്പുവരുത്തിന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഗുണഭോക്താക്കൾ ഹാജരാക്കുന്ന ബില്ലിന്റെ ആധികാരികത പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. കാർഷിക മേഖലയിൽ നടപ്പാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായാണ് നടപ്പാക്കുന്നത് എന്ന് വികസന സ്റ്റാന്റിംഗ് കമ്മറ്റിയും അതിനുകീഴിൽ രൂപീകരിച്ചിട്ടുള്ള വർക്കിംഗ് ഗ്രൂപ്പുകൾകളും ഉറപ്പുവരുത്തേണ്ടതാണ്.

## 3-2 മഴക്കാല പൂർവ്വ ശുചീകരണത്തിന് വാർഡ് തല ശുചിത്വ കമ്മറ്റിക്ക് കൈമാറിയ തുക പൂർണ്ണമായും വിനിയോഗിച്ചില്ല.

ജില്ലാ ശുചിത്വ മിഷൻ കോർഡിനേറ്ററുടെ നം. 754 /12 /എസ്. ബി. എം. തീയതി 30-05-2017 ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിന് ₹ 78890 രൂപയും, നം,754 /12/എസ്.ബി.എം തീയതി, 20-12-2017 ഉത്തരവ് പ്രകാരം ₹17542 രൂപയും മഴകാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്. ഈ തുക വാർഡുകളിലെ ശുചിത്വ പോഷണ സമിതി കൺവീനർമാർക്ക് കൈമാറിയിട്ടുണ്ട്. ഈ തുകയുടെ വിനിയോഗ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം, | വാർഡ് നം | വൗച്ചർ നം. തീയതി | തുക | വാർഡ് തല പോഷണ സമിതി ചെലവഴിച്ച തുക | ബാലൻസ് തുക |
|---|---|---|---|---|---|
| 1 | 1 | 21700293, 28-6-2017 | 5635 | 2000 | 4888 |
| | | 21701295 . 02-03-2018 | 1253 | | |
| 2 | 2 | 21700294, 28-6-2017 | 5635 | 6888 | nil |
| | | 21701296 2-3-18 | 1253 | | |
| 3 | 3 | 21700295 28-6-2017 | 5635 | 1500 | 5388 |
| | | 21701297 -2-3-18 | 1253 | | |
| 4 | 4 | 21700296, 28-6-2017 | 5635 | nil | 6888 |
| | | 21701298 -2-3-18 | 1253 | | |
| 5 | 5 | 21700297, 28-6-2017 | 5635 | nil | 6888 |
| | | 21701299 -2-3-18 | 1253 | | |
| 6 | 6 | 21700298 28-6-2017 | 5635 | nil | 6888 |
| | | 21701300 -2-3-18 | 1253 | | |
| 7 | 7 | 21700299 28-6-2017 | 5635 | nil | 6888 |

| | | | | | |
|---|---|---|---|---|---|
| | | 21701301, -2-3-18 | 1253 | | |
| 8 | 8 | 21700300 28-6-2017 | 5635 | nil | 6888 |
| | | 21701302-2-3-18 | 1253 | | |
| 9 | 9 | 21700301 28-6-2017 | 5635 | 1500 | 5388 |
| | | 21701303,-3-18 | 1253 | | |
| 10 | 10 | 21700302 28-6-2017 | 5635 | 6888 | nil |
| | | 21701304- 2-3-18 | 1253 | | |
| 11 | 11 | 21700303, 28-6-2017 | 5635 | 4900 | 1988 |
| | | 21701305, 2-3-18 | 1253 | | |
| 12 | 12 | 21700304 28-6-2017 | 5635 | 6888 | nil |
| | | 21701306, 2-3-18 | 1253 | | |
| 13 | 13 | 21700305 28-6-2017 | 5635 | 5635 | 1253 |
| | | 21701307-,2-3-18 | 1253 | | |
| 14 | 14 | 21700306, 28-6-2017 | 5635 | 6888 | nil |
| | | 21701308,-2-3-18 | 1253 | | |
| | | **അകെ തുക** | **96,432** | **43087** | **53345** |

മഴകാല പൂർവ്വ ശുചിത്വ പ്രവർത്തനങ്ങൾക്കായി വാർഡ് പോഷണ സമിതികൾക്ക് കൈമാറിയ ₹96,432രൂപയിൽ ₹43087 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളു. ആകെയുള്ള 14 വാർഡുകളിൽ 4 വാർഡുകൾ മാത്രമാണ് തുക പൂർണ്ണമായും വിനിയോഗിച്ചിട്ടുള്ളത്. 5 വാർഡുകൾ ലഭിച്ച തുകയൊന്നും വിനിയോഗിച്ചിട്ടില്ല. 5 വാർഡുകൾ നാമമാത്ര തുകമാത്രമേ വിനിയോഗിച്ചിട്ടുള്ളു. ആദ്യഘട്ടത്തിൽ നൽകിയ തുക പൂർണ്ണമായും ചെലവഴിക്കാതെ രണ്ടാമത് ഗഡു അനുവദിച്ചത് ഉചിതമല്ല. മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തങ്ങൾക്കാണ് ഈ തുക പ്രധാനമായും പ്രയോജനപ്പെടുത്തേണ്ടത്. റിസർവ്വ് വനത്തിന്റെ സാമീപ്യവും കോളനികളിൽ അധിവസിക്കുന്ന ജനങ്ങളുടെ ബാഹുല്യവും ഗ്രാമപഞ്ചായത്ത് മേഖലയിൽ പകർച്ച വ്യാധിക്ക് കൂടുതൽ സാദ്ധ്യത ഉള്ള മേഖലയാക്കുന്നു. ആയതിനാൽ ശുചിത്വ മിഷനിൽ നിന്നും ലഭിക്കുന്ന തുക മുഴുവനും ശുചീകരണ പ്രവർത്തനങ്ങൾക്കായി ഫലപ്രദമായി ചെലവിടുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-3 ക്ഷീര കർഷകർക്കുള്ള പാലിന് സബ്സിഡി- തുക നിർവ്വഹണ ഉദ്യോഗസ്ഥൻ മുഖാന്തിരം ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് നിക്ഷേപിക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : വെറ്റിനറിസർജൻ |
| പ്രൊജക്ട് നമ്പർ | : 18/17-18 |
| പ്രൊജക്ടിന്റെ പേര് | : ക്ഷീര കർഷകർക്ക് പാലിന് സബ്സീഡി |
| അടങ്കൽ | : ₹ 5,00,000 ( പ്ലാൻ ഫണ്ട് ജനറൽ) |
| | : ₹ 4,00,000 ( ബ്ലോക്ക് വിഹിതം ) |
| | : ₹ 2,00,000 ( ജില്ലാ പഞ്ചായത്ത് വിഹിതം ) |
| ചെലവ് തുക ആകെ | 1) ബിൽ നം. 15/17-18 തീയതി, 16-1-2018 ₹ 2,82,331 |
| | 2 ) ബിൽ നം. 14/17-18 തീയതി, 16-1-2018 ₹ 2,17,669 |
| | 3 ) ചെക്ക് നം. 1110125 തീയതി, 16-1-2018 ₹ 1,62,506 |
| | 4) ചെക്ക് നം. 1110129 തീയതി, 28-3-2018 ₹ 87,494 |

**ആകെ- ₹ 7,50,000**

ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി എന്ന പ്രോജക്ടിൽ ₹ 7,50,000 രൂപയുടെ ധനസഹായം കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിലെ 7 ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്ന കർഷകരാണ് ഈ പ്രോജക്ടിന്റെ ഗുണഭോക്താക്കൾ. ക്ഷീര സംഘത്തിൽ നിന്നും കർഷകർ അളക്കുന്ന പാലിന്റെ അളവ് ക്ഷീര വികസന ഓഫീസർ സാക്ഷ്യപെടുത്തിയത് അനുസരിച്ചാണ് ആനുകൂല്യത്തിനായി പരിഗണിക്കേണ്ടത്. പാലിന്റെ കണക്കിലെ കൃത്യത ഉറപ്പുവരുത്തുവാൻ ഈ നടപടി അനിവാര്യമാണ്. ഈ വിധം ശേഖരിക്കുന്ന പാലിന്റെ അളവുകൾ അനുസരിച്ച് നിർവ്വഹണ

ഉദ്യോഗസ്ഥൻ ഓരോ ഗുണഭോക്താവിനും അർഹമായ സബ്സിഡി തുക കണക്കാക്കി ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപിക്കുകയാണ് ചെയ്യേണ്ടത്. 2017-18 വർഷം ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ പ്രസ്തുത പ്രോജക്ടിലെ ക്ഷീര സംഘത്തിൽനിന്നുള്ള പാലിന്റെ കണക്ക് ക്ഷീര വികസന ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. മാത്രവുമല്ല ഈയിനത്തിൽ ആനുകൂല്യത്തിന് അർഹരായി കണ്ടെത്തിയ ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ തുക ക്ഷീര സംഘം മുഖേനയാണ് നിക്ഷേപിച്ചിട്ടുള്ളത്. ഈ വിധം പ്രോജക്ട് പ്രകാരമുള്ള **₹ 7,50,000** വിതരണം ചെയ്ത ബാങ്ക് സ്റ്റേറ്റ്മെന്റ് ഫയലിൽ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത വിഷയം സംബന്ധിച്ച് വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് ( 8/17-18) ലഭ്യമാക്കിയ മറുപടിയിൽ 2017-18 വർഷത്തിൽ ക്ഷീര സംഘത്തിൽ നിന്നുള്ള പാലിന്റെ കണക്ക് ക്ഷീര വികസന ഓഫീസർ സാക്ഷ്യപെടുത്തിയിട്ടില്ലെന്നും, ക്ഷീര സംഘത്തിൽ നിന്നും പാലിന്റെ കണക്ക് നേരിട്ട് ശേഖരിച്ചതാണെന്നും, പ്രോജക്ടിൽ സബ്സിഡി വിതരണം ക്ഷീര സംഘം മുഖേനയാണ് നടത്താൻ വിഭാവനം ചെയ്തിട്ടുള്ളത് എന്നുമാണ്. ഈ നടപടി ക്രമപ്രകാരമല്ല അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും അർഹമായ ആനുകൂല്യം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി തുടർ വർഷങ്ങളിൽ ഇത്തരം പ്രോജക്ട് നടപ്പാക്കുന്നതിൽ ഓഡിറ്റ് ചൂണ്ടികാട്ടിയ നടപടിക്രമങ്ങൾ അനുവർത്തിക്കേണ്ടതും നിർവ്വഹണ ഉദ്യോഗസ്ഥൻ നേരിട്ട് സബ്സിഡി തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നിക്ഷേപിക്കേണ്ടതുമാണ്.

## 3-4 കറവ പശു വിതരണം പർച്ചേസ് കമ്മറ്റി നടപടികൾ കാര്യക്ഷമമാക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ : വെറ്ററിനറി സർജൻ

പ്രോജക്ട് നമ്പർ : 21/17-18

പ്രോജക്ടിന്റെ പേര് : കറവ പശു വിതരണം

അടങ്കൽ : ₹5,00,000 വികസന ഫണ്ട്

ചെലവ് തുക : 1. ബിൽ നമ്പർ/തീയ്യതി : 2/17-18/25-11-17 ₹-75000

: 2. ബിൽ നമ്പർ/തീയ്യതി : 3/17-18/25-11-17 ₹-75000

: 3. ബിൽ നമ്പർ/തീയ്യതി : 4/17-18/25-11-17 ₹-75000

: 5. ബിൽ നമ്പർ / തീയതി : 5 /17-18/25-11-17 ₹ 50,000

: 6 . ബിൽ നമ്പർ/തീയ്യതി : 12/17-18/25-11-1 7 ₹-75000

: 7 ബിൽ നമ്പർ/തീയ്യതി : 22/17-18/ 13-3-18 ₹ 1,25,000

: 8. ബിൽ നമ്പർ/തീയ്യതി : 24/17-18/ 28-3-18 ₹ 25000

-**₹ 5,00,000**

2017-18 വർഷത്തിൽ ഈയിനത്തിൽ ആനുകൂല്യം നൽകുന്നതിന് 79 ഗുണഭോക്താക്കളെ അന്തിമ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 20 ഗുണഭോക്താക്കൾക്കാണ് ധനസഹായം നൽകിയിട്ടുള്ളത്.ജനറൽ വിഭാഗത്തിന് 25000രൂപയും, പട്ടിക ജാതി/വർഗ്ഗ വിഭാഗത്തിന് യഥാക്രമം 30,000, 40,000 രൂപയുമാണ് ധനസഹായം നൽകിയിട്ടുള്ളത്. പതിമൂന്നാം പഞ്ച വത്സരപദ്ധതിയിലെ 2017-18 വാർഷിക പദ്ധതി മാർഗ്ഗരേഖ (സ.ഉ. (എം.എസ്) നം. 80/2017 തസ്വഭവ, തീയതി, 3-4-2017) ഖണ്ഡിക 8-2-1 ലെ കുറിപ്പ് 1 പ്രകാരം കറവ പശു, എരുമ, ആട്, കാളകുട്ടി, കിടാരി, പോത്തുകുട്ടി, ഗർഭിണി കിടാരി, കോഴി, കാട, താറാവ്, മുയൽ, പന്നി മുതലായവയ്ക്ക് ധനസഹായം നൽകുന്ന പ്രോജക്ടിൽ പ്രസ്തുത ഉരുക്കളുടെ വില ജില്ലാതലത്തിൽ മൃഗസംരക്ഷണ വകുപ്പ് നിശ്ചയിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതനുസരിച്ച് കണ്ണൂർ ജില്ലാ മൃഗസംരക്ഷണ വകുപ്പ് 25-04-2017 ന് ചേർന്ന ജില്ലാ ടെക്കനിക്കൽ കമ്മറ്റിയുടെ നടപടിക്രമമനുസരിച്ച് പ്രസിദ്ധീകരിച്ച യൂണിറ്റ് കോസ്റ്റ് അനുസരിച്ചാണ് ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുള്ളത്. പർച്ചേസ് കമ്മിറ്റി രൂപികരിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പർച്ചേസ് കമ്മിറ്റി മുഖേനയാണോ പദ്ധതി നടപ്പാക്കിയത് എന്നത് സംബന്ധിച്ച് വിവരം ലഭ്യമാക്കാൻ ഓഡിറ്റ് അന്വേഷണ കുറിപ്പ് (നം.9 ) നൽകിയിരുന്നു. ഇതിന് ലഭ്യമാക്കിയ മറുപടിയിൽ പർച്ചേസ് കമ്മിറ്റിയുടെ മേൽനോട്ടത്തിലാണ് പദ്ധതി പൂർത്തിയാക്കിയത് എന്ന മറുപടിയാണ് ലഭ്യമാക്കിയത് എന്നാൽ. ഇതു സംബന്ധിച്ച് പർച്ചേസ് കമ്മിറ്റി മിനുട്സ് ഹാജരാക്കിയിട്ടില്ല. പദ്ധതി ആസൂത്രണം സംബന്ധിച്ച മാർഗ്ഗരേഖ അനുസരിച്ച് പർച്ചേസ് കമ്മിറ്റി രൂപീകരിച്ച് അവരുടെ മേൽനോട്ടത്തിലും, നിയന്ത്രണത്തിലും ഗുണമേന്മയുള്ള ഉരുക്കളെ കണ്ടെത്തി കർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

## 3-5 എസ്.എസ്.എ പ്രോജക്ട് രൂപീകരണത്തിലും നിർവ്വഹണത്തിലും ഗ്രാമപഞ്ചായത്തിന്റെ പങ്കാളിത്തവും മേൽ നോട്ടവും ഉറപ്പുവരുത്തേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഹെഡ് മാസ്റ്റർ

പ്രോജക്ട് നമ്പർ : എസ്. ഒ. 81/17-18

പ്രോജക്ടിന്റെ പേര് : **എസ്.എസ്. എ. വിഹിതം നൽകൽ (ജനറൽ)**

അടങ്കൽ : ₹ 8,47,028 (പൊതുവിഭാഗം)

ചെലവ് തുക : ബിൽ നം. 1/17-18/ 14-7-2017 -₹ 4,00,000

ആകെ : ബിൽ നം. 5/17-18/ 21-3-2018 -₹ 4,47,028

ആകെ : **₹ 8,47,028**

പ്രൊജക്ട് നമ്പർ : എസ്. ഒ. 82/17-18

പ്രൊജക്ടിന്റെ പേര് : **എസ്.എസ്. എ. വിഹിതം നൽകൽ (ടി.എസ്.പി)**

അടങ്കൽ : ₹ 2,00,000 ( ടി.എസ്.പി)

ചെലവ് തുക : ബിൽ നം. 2/17-18/ 14-7-2017 -₹ 2,00,000

**ആകെ മൊത്തം : ₹10,47,028**

വിദ്യാഭ്യാസ മേഖലയിൽ എല്ലാ പദ്ധതി കാലയളവിലും നിർബന്ധിത വകയിരുത്തലിൽ ഉൾപ്പെടുത്തി നിർവ്വഹിക്കുന്ന പ്രോജക്ടാണ് സർവ്വ ശിക്ഷാ അഭിയാൻ. 2017-18 കാലയളവിൽ ജനറൽ, ടി.എസ്.പി മേഖലകളിലായി ആകെ ₹ **10,47,028** രൂപ ഈയിനത്തിൽ ചെലവഴിച്ചിട്ടുണ്ട്.

| ക്രമ.നം. | രസീത് നം & തീയതി (എസ്.എസ്.എ.ജില്ലാ പ്രോജക്ട് ഓഫീസർ) | തുക |
|---|---|---|
| 1 | 042308 / 424 തീയതി, 17-7-2017 | 4,00,000 |
| 2 | 042577 /426 തീയതി, 25-3-2018 | 4,47,028 |
| 3 | 042309/426 തീയതി, 17-7-2017 | 2,00,000 |
| | ആകെ തുക | 10,47,028 |

എസ്.എസ്.എ പ്രോജക്ട് അധികൃതർ ₹ 10,47,028 രൂപയുടെ വാർഷിക വർക്ക് പ്ലാൻ & ബഡ്ജറ്റ് ആണ് സമർപ്പിച്ചിട്ടുള്ളത്. അതുപ്രകാരമുള്ള തുക ഗ്രാമപഞ്ചായത്ത് വിഹിതമായി ഒടുക്കിയിട്ടുണ്ട്. ഈ വിധം തുക ഒടുക്കിയതിന് വിനിയോഗ സാക്ഷ്യപത്രവും, വിശദമായ ചെലവ് പത്രികയും എസ്.എസ്.എ ഹാജരാക്കിയിട്ടുണ്ട്. വാർഷിക വർക്ക് പ്ലാൻ & ബഡ്ജറ്റിന്റെ കോപ്പി തന്നെയാണ് ചെലവ് പത്രികയായി ഹാജരാക്കിയിട്ടുള്ളത്. എന്നാൽ വാർഷിക വർക്ക് പ്ലാനിൽ നിർദ്ദേശിച്ചതിൽ ഏതൊക്കെ പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിലെ വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കിയിട്ടുണ്ട് എന്നത് വ്യക്തമല്ല. സർക്കാർ ഉത്തരവ് ( എം.എസ്) നം. 72/2017/ത.സ്വഭവ. തിരുവനന്തപുരം, തീയതി, 29 /3/2017 പ്രകാരമുള്ള പതിമൂന്നാം പദ്ധതി ആദ്യ വാർഷിക പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 12-9-(3) ൽ ഗ്രാമപഞ്ചായത്തുകളും ജില്ലാപഞ്ചായത്തുകളും എസ്.എസ്.എ.പ്രോജക്ടുകൾക്ക് ഫണ്ട് വകയിരുത്തണമെന്നും, എസ്.എസ്.എ പ്രോജക്ടുകളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ തദ്ദേശ ഭരണ സ്ഥാപനം അതിന്റെ പങ്ക് വഹിക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവ് ഖണ്ഡിക 12-9 (1) ൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിദ്യാഭ്യാസ വികസന പ്രോജക്ടുകൾ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം പ്രവർത്തനങ്ങളുമായി സംയോജിപ്പിച്ച് വേണം നിർവ്വഹണംനടത്തേണ്ടത് എന്നുംനിർദ്ദേശിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് വിശദവിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥന് നം.4/2017-18 തീയതി, 14-11-2018 പ്രകാരം നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ 2017-18 കാലയളവിൽ എസ്.എസ്.എ വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കിയ പ്രവർത്തനങ്ങൾ, പൊതു വിദ്യാഭ്യാസ സംരംക്ഷണയജ്ഞവുമായി

സംയോജിച്ച് നടപ്പാക്കിയ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാൻ എസ്.എസ്.എ. കണ്ണൂർ ജില്ലാ പ്രോജക്ട് ഓഫീസിലേക്ക് എഴുതിയിട്ടുണ്ട് എന്നാണ് അറിയിച്ചിട്ടുള്ളത്. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ വിദ്യാഭ്യാസ മേഖലയിലെചുമതലകളിൽ സർവ്വശിക്ഷാ അഭിയാൻ ഫണ്ട് വിനിയോഗം സമയാസമയങ്ങളിൽ നിരീക്ഷിക്കുക എന്നതും, പഞ്ചായത്ത് തല വിദ്യാഭ്യാസ കമ്മറ്റി രൂപികരിച്ച് കൃത്യമായ ഇടവേളകളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ പരിശോധിച്ച് വിവരം രേഖപ്പെടുത്തണമെന്നും അപര്യാപ്തത പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ എസ്.എസ്. എ യുടെ ആഭിമുഖ്യത്തിൽ വിദ്യാഭ്യാസ മേഖലയിൽ ഓരോ പദ്ധതി കാലയളവിലും പ്രോജക്ടുകൾ തയ്യാറാക്കുന്നതിൽ ഗ്രാമപഞ്ചായത്ത് അതിന്റെതായ പങ്ക് വഹിക്കേണ്ടതാണ്.

## 3-6 ശാരിരിക മാനസീക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് ഗുണഭോക്താക്കൾക്ക് അർഹമായ മുഴുവൻ തുകയും ഫണ്ട് വകയിരുത്തേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഹെഡ് മാസ്റ്റർ

പ്രോജക്ട് നമ്പർ : എസ്. ഒ. 83/17-18

പ്രോജക്ടിന്റെ പേര് : **ശാരിരിക മാനസീക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്**

അടങ്കൽ : ₹ 5,07,600

പ്ലാൻ ഫണ്ട്- ₹ 2,07,600

ബ്ലോക്ക് വിഹിതം- ₹ 1,00,000

ജില്ലാ പഞ്ചായത്ത്- ₹ 2,00,000

ചെലവ് തുക : ബിൽ നം. 6/17-18/ 21-3-2018 - ₹ 2,07,600

: ചെക്ക് നം. 1110127 തീയതി-6-3-18-₹ 1,00,000

: ചെക്ക് നം. 1110129 തീയതി-6-3-18-₹ 2,00,000

**ആകെ മൊത്തം : ₹5,07,600**

പതിമൂന്നാം പദ്ധതി ( 2017-18 വാർഷിക പദ്ധതി) മാർഗ്ഗരേഖ ( ജി.ഒ. എം. എസ്) നം. 80/2017.ത.സ്വ.ഭ.വ തീയതി, 3-4-2017 ഖണ്ഡിക-10 (1) പ്രകാരം ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് എ.പി.എൽ, ബി.പി.എൽ എന്ന വേർതിരിവില്ലാതെ ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് തലത്തിൽ ലഭിക്കുന്ന സംയുക്തഫണ്ട് ഉറപ്പുവരുത്തി ധനസഹായം നൽകുന്നതിന് പദ്ധതികൾ നടപ്പാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് ഖണ്ഡിക 10.3 (എ), (ബി) (സി)(ഡി) പ്രകാരം, ഇതിനായി പ്രത്യേക ധനസഹായ പേക്കേജ് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കും, മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കും സർക്കാർ മാർഗ്ഗരേഖ പ്രകാരം നൽകേണ്ടുന്ന ധനസഹായത്തിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | സ്റ്റാൻഡേർഡ് ക്ലാസ്സ് | പ്രതിമാസ സ്കോളർഷിപ്പ്/ ബത്തയുടെ നിരക്ക് (രൂപ) | | വാർഷിക ബത്ത |
|---|---|---|---|---|
| | | ഡേ സ്കോളർ | ഹോസ്റ്റൽ | |
| 1 | 1/4 നഴ്സറി ക്ലാസ്സ് | 400 | 600 | 500 |
| 2 | 5/8 | 500 | 750 | 600 |
| 3 | 9/10/ +1.+2 | 600 | 800 | 800 |
| 4 | ബിരുദം | 800 | 1250 | 1000 |
| 5 | ബിരുദാനന്തരബിരുദം | 1000 | 1500 | 1500 |
| 6 | വൊക്കേഷണൽ പരിശീലനം | 1000 | 1500 | 1500 |
| 7 | കാലുകളുടെ വൈകല്യം മൂലം ചലന വൈകല്യമുള്ളവർക്ക് + യാത്രാബത്ത( വിദ്യാലയങ്ങളിൽ പോകുന്ന മാസങ്ങളിൽ മാത്രം) | 400 | | |

മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ

| ക്രമ നം | ഇനം | സ്കോളർഷിപ്പ് ബത്ത ( രൂപ) |
|---|---|---|

| | | |
|---|---|---|
| | | |
| 1 | സ്കോളർഷിപ്പ് പ്രതിമാസം | 1000 |
| 2 | വസ്ത്രങ്ങൾക്കുള്ള ബത്ത( വാർഷികം) | 1500 |
| 3 | പഠനസഹായികൾക്ക് യ വിദ്യാഭ്യാസ സാമഗ്രികൾക്ക് ബത്ത ( വാർഷികം) | 2000 |
| 4 | ഡേ സ്കോളർക്ക് യാത്രാബത്ത (പ്രതിമാസം) | 1000 |
| 5 | ഉല്ലാസ യാത്രാ ചെലവുകൾ പഠന പര്യടനം മുതലായവയ്ക്ക്- രക്ഷിതാക്കളിൽ ഓരാൾക്ക് ഉൾപ്പെടെ | 1000 |
| 6 | വിദ്യാലയങ്ങളിൽ പോകാത്ത മാനസിക വെല്ലിളികൾ നേരിടുന്ന വ്യക്തികൾ പകൽ സമയം ഡേ കെയർ സെന്ററുകളിൽ കഴിയുന്നതിനുള്ള ബത്ത | പ്രതിമാസം 1000<br>യാത്രാ ബത്ത -1000 |
| 7 | മാനസിക വെല്ലുവിളികൾ വളർച്ചാ സംബന്ധമായ വെല്ലുവിളികൾ, മസ്തിഷ്ക തളർവാതം, ഓട്ടിസം മുതലായവ നേരിടുന്നവർ | പ്രതിമാസം -1000 |

2017-18 വർഷത്തിൽ ഗ്രാമപഞ്ചായത്ത് പ്രോജക്ട് നം. 83/17-18 പ്രകാരം മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള ധനസഹായ പ്രോജക്ട് നടപ്പാക്കിയിട്ടുണ്ട്. ആകെ ധനസഹായം നൽകിയ 46 ഗുണഭോക്താകളിൽ 34 പേർ മാനസിക വെല്ലുവിളികൾ നേരിടുന്നവരും, 12 പേർ ശാരീരിക വെല്ലുവിളികൾ നേരിടുന്നവരുമാണ്. ഈ യിനത്തിൽ ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതം ഉൾപ്പെടെ ആകെ ചെലവഴിച്ച തുക ₹ 5,07,600 രൂപയാണ്. ഗുണഭോക്താകൾക്ക് ധനസഹായം നൽകിയ പ്രോജക്ട് രേഖകൾ പരിശോധിച്ചതിൽ എല്ലാ ഗുണഭോക്താക്കൾക്കും അടിസ്ഥാന സ്കോളർഷിപ്പ് തുക മാത്രമേ നൽകിയിട്ടുള്ളു എന്ന് കാണുന്നു. സർക്കാർ മാർഗ്ഗനിർദ്ദേശപ്രകാരം ഓരോ വിഭാഗത്തിലും അവശത അനുഭവിക്കുന്ന ഗുണഭോക്താകൾക്ക് അവർക്ക് അർഹമായ തുക മേൽ പട്ടികയിൽ

നിർദ്ദേശിച്ചവിധത്തിൽ പ്രോജക്റ്റിൽ വകയിരുത്തി ഗുണഭോക്താക്കൾക്ക് നൽകേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 6/14-11-2018 ) ലഭ്യമാക്കിയ മറുപടിയിൽ ഗുണഭോക്താക്കളുടെ എണ്ണത്തിലുണ്ടായ വർദ്ധനവും, ഈയിനത്തിലെ ഫണ്ട് വകയിരുത്തലിലെ കുറവുമാണ് അർഹമായ നിരക്കിൽ ധനസഹായം നൽകാൻ സാധികാത്തിരുന്നതെന്നും, അടുത്ത പദ്ധതി വർഷത്തിൽ ഈ അപാകം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കും എന്നും അറിയിച്ചിട്ടുണ്ട്.

## 3-7 ബിറ്റുമിൻ വിലയിനത്തിൽ സിഡ്കോ അധികമായി കൈപ്പറ്റിയ തുക തിരികെ നൽകിയില്ല ചെലവ് - ₹ 42,567 തടസ്സത്തിൽ വെക്കുന്നു.

2017-18 വർഷത്തിൽ മരാമത്ത് പ്രവൃത്തികൾക്കുവേണ്ടി സിഡ്കോവിൽ നിന്നും ബിറ്റുമിൻ വാങ്ങിയഇനത്തിൽ താഴെപറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

1. വൗച്ചർ നം. 21701109 തീയതി, 07-02-2018 - ₹ 24,91,131

2. വൗച്ചർ നം.21701110 തീയതി, 07-02-2018 - ₹ 95,294

ആകെ തുക- ₹ **25,86,425**

| ക്രമ.നം | സിഡ്കോ ഇൻവോയ്സ് | തീയതി | തുക |
|---|---|---|---|
| 1 | RMDVNGST 3121 | 10-02-2018 | 529441 |
| 2 | RMDVNGST 3121 | 16-02-2018 | 523112 |
| 3 | RMDVNGST 3121 | 16-02-2018 | 719498 |
| 4 | RMDVNGST 3121 | 19-02-2018 | 520501 |
| 5 | RMDVNGST 3121 | 11-03-2018 | 251306 |
| | | ആകെ- | 25,43,858 |

സിഡ്കോ സമർപ്പിച്ച ബിറ്റുമിൻ ഇൻ വോയ്സ് പ്രകാരം ആകെ 25,43,858 രൂപയാണ് ഗ്രാമപഞ്ചായത്ത് ഒടുക്കേണ്ടത്. എന്നാൽ ഗ്രാമപഞ്ചായത്ത് ഒടുക്കിയത് ₹ 25,86,425 രൂപയാണ്. ഇതു പ്രകാരം ₹ 42,567 രൂപ സിഡ്കോവിൽ അധികമായി നൽകിയിട്ടുണ്ട്. തുക തിരികെ ഈടാക്കിയത് സംബന്ധിച്ച വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് ( 23/17-18)

ലഭ്യമാക്കിയ മറുപടിയിൽ സിഡ്കോവിൽ നിന്നും ബാലൻസ് തുക ലഭിക്കുന്നതിനായി 15-3-2018, 01-08-2018 തീയതികളിൽ കത്തയച്ചിട്ടുണ്ടെന്നും എന്നാൽ തുക തിരികെ ലഭിച്ചിട്ടില്ല എന്നുമാണ് വിശദമാക്കിയത്. ഇതു സംബന്ധിച്ച് നിയമാനുസൃത മാർഗ്ഗങ്ങളിലൂടെ തുക തിരികെ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയിനാൽ ഈയിനത്തിലെ ചെലവിൽ തിരികെ ലഭിക്കാനുള്ള ₹ 42,567 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-8 ബിറ്റുമിൻ നൽകിയ ഇനത്തിൽ കരാറുകാരിൽ നിന്നും ഈടാക്കാൻ ബാക്കിയുള്ള തുക ഈടാക്കേണ്ടതാണ്.

2017-18 വർഷത്തിലെ റോഡ് ടാറിംഗ് പ്രവൃത്തികൾക്ക് വേണ്ടി ഗ്രാമപഞ്ചായത്ത് സിഡ്കോവിൽ നിന്നും 60008.8 കി.ഗ്രാം ( 360 ബാരൽ) വിവിധ ഗ്രേഡിലുള്ള ബിറ്റുമിൻ വാങ്ങി നൽകിയിട്ടുണ്ട്.

| ബിറ്റുമിൻ ഇനം | അളവ് | ആകെ അളവ് കി. ഗ്രാമിൽ | കണക്കാക്കിയ തുക |
|---|---|---|---|
| V.G- 30 ( ഒരു ബാരൽ 161.8 Kg ) | 296 ബാരൽ | 47892.8 | 17,85,949 |
| S.S-1 (ഒരു ബാരൽ 182 kg) | 38 ബാരൽ | 6916 | 4,96,524 |
| R.S-1 ( ഒരു ബാരൽ 200 kg) | 26 ബാരൽ | 5200 | 2,08,658 |
| കയറ്റിറക്ക് കൂലി | ആകെ- 360 ബാരൽ | | 95,294 |
| | ആകെ തുക | 60008.8 | 25,86,425 |

ബിറ്റുമിൻ വിലയും കയറ്റിറക്ക് കൂലിയും കണക്കാക്കി പ്രവൃത്തി ബില്ലിൽ നിന്നും തിരികെ ഈടാക്കേണ്ടതുണ്ട്. 2017-18 കാലയളവിൽ നിർവ്വഹിച്ച 12 മരാമത്ത് പ്രവൃത്തികൾക്കായാണ് മേൽ ഇൻവോയ്സ് പ്രകാരം പർച്ചേസ് ചെയ്ത ബിറ്റുമിൻ നൽകിയിട്ടുള്ളത്. ബിറ്റുമിൻ സ്റ്റോക്ക് രജിസ്റ്റർ

പ്രകാരവും പർച്ചേസ് ചെയ്ത ബിറ്റുമിൻ പൂർണ്ണമായി വിനിയോഗിച്ചിട്ടുണ്ട്.. എന്നാൽ ഇതു സംബന്ധിച്ച വർക്ക് ഫയൽ പരിശോധിച്ചതിൽ ₹ 24,71,620 രൂപയാണ് ബിറ്റുമിൻ വിലയിനത്തിൽ വിവിധ കരാറുകാരിൽ നിന്നും ഈടാക്കിയിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് ബിറ്റുമിൻ വിലയിനത്തിൽ ആകെ 25,86,425 രൂപയാണ് സിഡ്‌ക്കോവിന് നൽകിയതെങ്കിലും , യഥാർത്ഥത്തിൽ സിഡ്‌ക്കോ ഇൻവോയ്സ് പ്രകാരമുള്ള ബിറ്റുമിൻ വില ₹ 25,43,858 രൂപയാണ്. ആയതിനാൽ ബിറ്റുമിൻ നൽകിയ കരാറുകാരിൽ നിന്നും തിരികെ ഈടാക്കേണ്ടതും പ്രസ്തുത തുകയാണ്. ബിറ്റുമിൻ നൽകിയ 12 പ്രവൃത്തികളും 2017-18 വർഷത്തിൽ പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ 24,71,620 രൂപയാണ് ഇതിനോടകം തിരികെ ഈടാക്കിയത് അതുപ്രകാരം ₹ 72,238 രൂപ ( 2543858-24,71,620 =,72,238 ) കൂടി ഈടാക്കാൻ ശേഷിക്കുന്നു. അന്തിമ ബിൽ നൽകാൻ ബാക്കിയുള്ള ഒരു പ്രവൃത്തിയിൽ നിന്നും തുക വസൂലാക്കിയിട്ടില്ലെന്നും ബില്ല് സമർപ്പിക്കുന്ന മുറയ്ക്ക് പ്രസ്തുത തുക വസൂലാക്കുന്നതാണെന്നും ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണകുറിപ്പിനുള്ള (22/17-18) മറുപടിയിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. പ്രസ്തുത തുക കരാറുകാരിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കേണ്ടതാണ്.

## 3-9 റോഡ് ടാറിംഗ് പ്രവൃത്തികളിൽ പ്ലാസ്റ്റിക്ക് ഉപയോഗപ്പെടുത്തുന്നില്ല

ചീഫ് എഞ്ചിനിയറുടെ ഡി.ബി.3/4620/12 സി.ഇ, ത.സ്വ.ഭ.വ തീയതി, 18-5-2016 സർക്കുലർ നിർദ്ദേശപ്രകാരവും , സ.ഉ ( സാധാ) നം.3119/2016 ത.സ്വഭ.വ തീയതി, 17-11-16 ഉത്തരവിലെ നിർദ്ദേശപ്രകാരവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്ലാൻഫണ്ട്, മെയ്ന്റനൻസ് ഗ്രാന്റ് ഉപയോഗപ്പെടുത്തി നടപ്പിലാക്കുന്ന റോഡ് പ്രവൃത്തികൾകുള്ള ആകെ വാർഷിക പദ്ധതി അടങ്കൽ തുകയുടെ 10% മാറ്റിവെച്ച് ഷ്രഡഡ് പ്ലാസ്റ്റിക്ക് ഉപയോഗപ്പെടുത്തി റോഡുകൾ ടാർചെയ്യുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കണമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. 2017-18 വർഷത്തിൽ നിർവ്വഹണം നടത്തിയ റോഡ് പ്രവൃത്തികളിൽ മേൽ നിർദ്ദേശ പ്രകാരം ഷ്രഡഡ് പ്ലാസ്റ്റിക്ക് ഉപയോഗപ്പെടുത്തിയിട്ടുണ്ടോ എന്നത് സംബന്ധിച്ച് വിവര ലഭ്യമാക്കാൻ നം. 15/17-18 തീയതി, 19-11-2018 പ്രകാരം ആവശ്യപ്പെട്ടതിൽ ഇത്തരത്തിൽ റോഡ് ടാറിംഗ് പ്രവൃത്തികളിൽ പ്ലാസ്റ്റിക്ക് ഉപയോഗപ്പെടുത്തുവാൻ സാധിച്ചിട്ടില്ല എന്ന മറുപടിയാണ് നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.എഞ്ചിനിയർ അറിയിച്ചിട്ടുള്ളത്. അനുദിനം വർദ്ധിച്ചുവരുന്ന പ്ലാസ്റ്റിക്ക് വേസ്റ്റിന്റെ ഫലപ്രദമായ പുനരുപയോഗം കൂടി ഈ പ്രവർത്തനത്തിലൂടെ ലക്ഷ്യമിടുന്നതിനാൽ ഭാവിയിലെ റോഡ് ടാറിംഗ് പ്രവൃത്തികളിൽ ഷ്രഡഡ് പ്ലാസ്റ്റിക്ക് ഉപയോഗപ്പെടുത്തുവാൻ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.

## 3-10 പരിസ്ഥിതി സംരക്ഷണവും, മാലിന്യ സംസ്കരണവും ലക്ഷ്യമാക്കി നടപ്പാക്കുന്ന നൂതന പദ്ധതികൾ മാതൃകാപരം

മാനവരാശിയുടെ നിലനില്പിനു തന്നെ ഭീഷണിയായി തീർന്നിരിക്കുന്ന മാലിന്യ പ്രശ്നവും അതുവഴിയുള്ള പരിസ്ഥിതി നാശവും പരിഹരിക്കുന്നതിനും മരം ഒരു വരം എന്ന ആശയം പുതു തലമുറയ്ക്ക് കൈമാറുന്നതിനും സഹായകമായ നൂതന സംരംഭങ്ങൾ ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച് മാതൃകാപരമായി

നടപ്പാക്കിവരുന്നുണ്ട്. മാലിന്യ സംസ്കരണം എന്ന ലക്ഷ്യം ആർജ്ജിക്കുന്നതോടൊപ്പം മാലിന്യങ്ങൾ അവയുടെ ഉറവിടത്തിൽതന്നെ ഇല്ലാതാക്കുക എന്നതും ഈ പദ്ധതികളുടെ നടത്തിപ്പിലൂടെ ലക്ഷ്യമിടുന്നു. ഇതോടൊപ്പം ഓരോ വിട്ടുവളപ്പിലും മരം നട്ടുപിടിപ്പിക്കുന്നതിനുള്ള നൂതനാശയവും നടപ്പാക്കിവരുന്നു. ഇതു സംബന്ധിച്ച് താഴെ പറയുന്ന പദ്ധതികളാണ് ഗ്രാമപഞ്ചായത്ത് നടപ്പാക്കി വരുന്നത്.

<u>അഞ്ചുമരം പദ്ധതി</u>

അഞ്ച് സെന്റിൽ കൂടുതൽ സ്ഥലം ഉള്ളവർക്ക് പുതിയ കെട്ടിടങ്ങൾക്ക് പെർമിറ്റ് അനുവദിക്കുമ്പോൾ വീട് പണിയുന്നതിന് മുറിച്ച് മാറ്റുന്ന മരങ്ങൾക്ക് പകരമായോ, അല്ലാതയോ ഫലവൃക്ഷ തൈകൾ ഉൾപ്പെടെ 5 വൃക്ഷതൈകൾ നട്ടുപിടിപ്പിച്ചിരിക്കണം എന്നതാണ് നിബന്ധന. പെർമിറ്റ് അപേക്ഷയോടൊപ്പം മരം നട്ടതിന്റെ ഫോട്ടോ ഗ്രാഫും സഹിതം ഗ്രാമപഞ്ചായത്തിനുൽ സമർപ്പിക്കണം. ആയത് ഫീൽഡ് തല പരിശോധനയിൽ പരിശോധിച്ച് ഉറപ്പുവരുത്തിയശേഷം മാത്രമാണ് പെർമിറ്റ് അനുവദിച്ചുവരുന്നത്.

<u>പൊന്നോമനയ്ക്കൊരു സ്നേഹമരം</u>

പഞ്ചായത്തിൽ ജനിക്കുന്ന എല്ലാ കുട്ടികളുടെയും വീടുകളിൽ അവരോടുള്ള സ്നേഹത്തിന്റെ പ്രതീകമായി ഒരു പ്ലാവിൻതൈ പഞ്ചായത്ത് ആ വീട്ടിൽ എത്തിച്ച് വച്ച് പിടിപ്പിക്കുന്നു. ഇത് അന്തരിക്ഷത്തിലെ കാർബൺ കുറയ്ക്കാൻ സഹായിക്കുന്നു. അതോടൊപ്പം ഭാവിയിൽ ആ മരം ഓരോ വീടിന്റെയും ആസ്തിയായി മാറുന്നു.

<u>മാലിന്യമില്ലാത്ത മാംഗല്യം</u>

ഗ്രീൻ പ്രോട്ടോക്കോൾ പ്രകാരം പൊതു ചടങ്ങുകൾ പ്ലാസ്റ്റിക്ക് വിമുക്തമാക്കുക എന്നതാണ് ലക്ഷ്യം. ഇതു സംബന്ധിച്ച് വീടുകളിലും പൊതു ചടങ്ങുകളിലും ഗ്രീൻപ്രോട്ടോക്കോൾ പാലിക്കുമെന്നുള്ള ഗ്രാമപഞ്ചായത്ത് സാക്ഷ്യപത്രം ലഭിച്ചാൽ മാത്രമേ ചടങ്ങുകൾക്ക് അനുമതി ലഭിക്കുയുള്ളു. ഇതു സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് വിജ്ഞാപനം പുറപ്പെടുവിക്കയുണ്ടായി. ഇതനുസരിച്ച് ഗ്രാമപഞ്ചായത്ത് പ്രദേശത്ത് വീടുകളിൽ നടക്കുന്ന 100 ൽ അധികം പേർ പങ്കെടുക്കുന്ന സ്വകാര്യ ചടങ്ങുകൾക്ക് പഞ്ചായത്തിന്റെ മുൻകൂർ അനുമതി വാങ്ങേണ്ടതാണ്. ടി ചടങ്ങുകളിൽ ഹരിത പ്രോട്ടോക്കോൾ കർശ്ശനമായി പാലിക്കേണ്ടതാണെന്നും അല്ലാത്ത പക്ഷം നിയമാനുസൃത പിഴ ചുമത്തുന്നതായിരുക്കുമെന്ന അറിയിപ്പും നൽകുന്നു. ഈ നിബന്ധന കല്ല്യാണ മണ്ഡപങ്ങൾ, ഓഡിറ്റോറിയങ്ങൾ, ക്ഷേത്രങ്ങൾ, പള്ളികൾ എന്നിവിടങ്ങളിൽ വച്ച് നടക്കുന്ന ചടങ്ങുകൾക്കും ബാധകമായിരിക്കും.

<u>ബോട്ടിൽ ബൂത്ത്.</u>

ഉപയോഗിച്ച് വഴിയരികിൽ ഉപേക്ഷിക്കുന്ന പ്ലാസ്റ്റിക്ക്, ചില്ല് ബോട്ടിലുകൾ ശേഖരിക്കുന്നതിനായിപ്രധാന കവലകളിൽ ബൂത്തുകൾ സ്ഥാപിച്ച് ശേഖരിക്കുന്ന സംരംഭം പഞ്ചായത്തിന്റെ വിവിധ കവലകളിൽ പ്രസ്തുത ബൂത്തുകൾ ബോട്ടിൽ ശേഖരവുമായി നിറഞ്ഞുനിൽകുന്നത് നേരിട്ട് കാണാനായി.മേൽ വിവരിച്ച പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കിവരുന്നതായും കൃത്യമായി മോണിറ്ററിംഗിന് വിധേയമാക്കുന്നതായും ഓഡിറ്റിൽ അറിയിക്കുകയുണ്ടായി. പരിസ്ഥിതി സൗഹാർദ്ദപരമായ മേൽ പ്രവർത്തനങ്ങൾ മാതൃകാപരവും അനുകരണീയവുമാണ്.

## 3-11 ബഡ്സ് സ്കൂൾ തുടർപ്രവർത്തനം - മെച്ചപ്പെടേണ്ടതുണ്ട്

ശിശുമിത്ര - ബഡ്സ് സ്കൂൾ തുടർപ്രവർത്തനത്തിനായി തൻവർഷം ആകെ ₹ 5,76,176 താഴെ പറയും പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

ജീവനക്കാർക്ക് ഓണറേറിയവും – ₹ 2,98,300

കുട്ടികൾക്ക് പോഷകാഹാര വിതരണം ,യൂണിഫോം വിതരണം – ₹ 2,77,876

ബഡ്സ് സ്കൂളിന്റെ പ്രവർത്തനങ്ങളുടെ ഉത്തരവിൽ (തദ്ദേശസ്വയം ഭരണ ( ഐഎ ) 29-7-2009 ലെ 148/09/ തസ്വ ഭ വ) അനുശാസിക്കും വിധത്തിലുള്ള സംവിധാനങ്ങൾ ഒന്നും തന്നെ കോളയാട് ഗ്രാമ പഞ്ചായത്തിലെ ബഡ്സ് സ്കൂളിൽ ഇല്ല എന്ന് മുൻറിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. 2017-18ഓഡിറ്റിലെ പരിശോധനയിലും സ്ഥിതി വ്യത്യസ്തമല്ല.

ശാരീരിക മാനസിക വൈകല്യമുള്ള 34 കുട്ടികൾ ബഡ്സ് സ്കൂളിൽ പഠിക്കുന്നുണ്ട് - ഇതിൽ 7 പേർ സെറിബ്രൽ പാൾസി ഉള്ളവരാണ്. എന്നാൽ ഇവർക്കായി ഈവർഷം ഒരു ദിവസം പോലും ഫിസിയോ തെറാപ്പിസ്റ്റിന്റെയോ, ഡോക്ടറുടെയോ, സേവനം ലഭ്യമായിട്ടില്ല.

ബഡ്സ് സ്കൂളിന്റെ പ്രവർത്തനങ്ങളുടെ നിലവിലെ മാർഗ്ഗരേഖകൾക്കൊപ്പം പൊതുവായി ബാധകമാവുന്ന ചില നിബന്ധനകൾ കൂടി ഉൾപ്പെടുത്തി പുതിയ ഉത്തരവ് സർക്കാർ 2017-18 ൽ പുറപ്പെടുവിച്ചിട്ടുണ്ട് (ഉത്തരവ് എം എസ് നം - 20/2018 തസ്വഭവ തീയതി 7-2-2018). ഒരു കേന്ദ്രം ആരംഭിക്കുമ്പോൾ അവയിൽ അടിസ്ഥാന സൗകര്യങ്ങളായ ഓഡിയോളജി മുറി, ക്ലാസ്സ് മുറികൾ , ഫിസിയോ തെറാപ്പി മുറി, ശുചി മുറി,ഒക്കുപ്പേഷണൽ തെറാപ്പി&കൗൺസിലിംഗ് മുറി, വൊക്കേഷണൽ പരിശീലന മുറി,വിനോദ മുറി, സെറിബ്രൽ പാൾസി ഉള്ള കുട്ടികൾക്കായി പ്രത്യേക പഠനമുറി, തുടങ്ങിയ സൗകര്യങ്ങൾ ഉണ്ടായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഈ കേന്ദ്രത്തിന് ഇത്തരം ഭൗതിക സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടില്ല, സ്ഥാപനത്തിന് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കാത്ത പക്ഷം ഈ അംഗീകാരം റദ്ദാക്കപ്പെടുന്നതാണെന്നും ഉത്തരവിൽ പരാമർശിച്ചിട്ടുണ്ട്.

ബഡ്സ് സ്കൂളിന്റെ പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിനും, പ്രവർത്തനങ്ങൾ കാര്യക്ഷമമാണെന്ന് വിലയിരുത്തുന്നതിനും കുടുംബശ്രീ ജില്ലാ മിഷൻ കോ ഓർഡിനേറ്റർ / ചുമതലയുള്ള അസി. ജില്ലാ മിഷൻ കോ ഓർഡിനേറ്റർ ഓരോ രണ്ട് മാസത്തിലൊരിക്കലെങ്കിലും സ്ഥാപനം സന്ദർശിക്കേണ്ടതും റിപ്പോർട്ട് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകേണ്ടതുമാണ്. എന്നാൽ ഇക്കാലയളവിൽ കുടുംബശ്രീ ജില്ലാ മിഷൻ കോ ഓർഡിനേറ്റർ സ്ഥാപനം സന്ദർശിച്ചിട്ടില്ല.

തനത് ഫണ്ട് കുറവുള്ള തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ ബഡ്സ് സ്കൂൾ നടത്തിപ്പിനുള്ള തുക ജില്ലാ ,ബ്ലോക്ക് ,എംപി, എം എൽ എ ഫണ്ട് എന്നിവയിൽ നിന്നും കണ്ടെത്തേണ്ടതാണെന്നും ,പ്രത്യേക അധ്യാപകരെ ആവശ്യമുണ്ടെങ്കിൽ കുടുംബശ്രീ ജില്ലാ മിഷൻ കോ ഓർഡിനേറ്റർ തയ്യാറാക്കുന്ന അധ്യാപക ലിസ്റ്റിൽ നിന്നും തദ്ദേശസ്വയം ഭരണ സെക്രട്ടിമാർക്ക് താത്ക്കാലിക നിയമനം നടത്താവുന്നതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

ബഡ്സ് സ്കൂളിന് വേണ്ടി സ്ഥലമെടുക്കലും കെട്ടിടം നിർമ്മിക്കലിനുമായി ആവശ്യമായ ഫണ്ട് ലഭിക്കുവാൻ കേരള സർക്കാരിനോട് അപേക്ഷിക്കുന്നതിനായി ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 16-6-2017 ലെ

15/17(1) പ്രകാരവും, ഫിസിയോ തെറാപ്പി ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ഗ്രാന്റിനായി പദ്ധതി രൂപീകരിക്കുന്നതിനായി മെഡിക്കൽ ഓഫീസറെ ചുമതലപ്പെടുത്തുവാൻ (26/17(1) തീയതി -9-10-2017- പ്രകാരവും ഫിസിയോ തെറാപ്പിസ്റ്റ് , സ്പീച്ച് തെറാപ്പിസ്റ്റ് എന്നിവരെ ബഡ്സ് സ്കൂളിൽ നിയമിക്കുവാൻ ഭരണസമിതിയോട് ശുപാർശ ചെയ്യുവാൻ 37/17 (2) തീയതി 28-11-2017 പ്രകാരവും തീരുമാനിച്ചിട്ടുണ്ട്.

ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി ആവശ്യമായ തീരുമാനമെടുത്തിട്ടുണ്ടെങ്കിലും പ്രായോഗിമായിട്ടില്ല.

കുട്ടികൾക്കാവശ്യമായ പോഷകാഹാരം, വസ്ത്രം എന്നിവയിൽ മാത്രമായി ബഡ്സ് സ്കൂൾ പ്രവർത്തനം ഒതുക്കി നിർത്താതെ ഉത്തരവിലെ വ്യവസ്ഥകൾ കൃത്യമായി പാലിച്ച് ബഡ്സ് സ്കൂൾ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ്.

## 3-12 ഭവന പദ്ധതി അവലോകനം

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി മുൻ വർഷങ്ങളിൽ നടപ്പിലാക്കിയ വിവിധ ഭവന നിർമ്മാണ പദ്ധതികളിൽ ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതിനാൽ സബ്സിഡി തുക മുഴുവനായി കൈപ്പറ്റാത്ത ഗുണഭോക്താക്കൾ അവ പൂർത്തീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ആനുപാതിക തുക നവകേരളമിഷൻ പദ്ധതിയായ ലൈഫിൽ ഉൾപ്പെടുത്തി നൽകിയിട്ടുണ്ട്. 2017-18 വർഷവും ഭവന നിർമ്മാണം പൂർത്തീയാക്കാത്തവരുടെ വിവരം താഴെ പറയുന്നു.

| പ്രോജക്ടിന്റെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | കരാർ വെച്ചവരുടെ എണ്ണം | പൂർത്തിയാക്കിവരുടെ എണ്ണം | പൂർത്തിയാക്കാത്തവരുടെ എണ്ണം |
|---|---|---|---|---|
| E M S ഭവന പദ്ധതി (പൊതുവിഭാഗം ) | 6 | 6 | 4 | 2 |
| E M S ഭവന പദ്ധതി -(പട്ടികജാതി) | 1 | 1 | - | 1 |
| E M S ഭവന പദ്ധതി- പട്ടികവർഗ്ഗം) | 17 | 17 | 14 | 3 |
| ഗ്രാമ പഞ്ചായത്ത് തനത് പദ്ധതി (പട്ടികവർഗ്ഗം ) | 2 | 2 | - | 2 |

| | | | | |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് വിഹിതം<br>തനത് പദ്ധതി (പട്ടികവർഗ്ഗം ) | 1 | 1 | - | 1 |
| | 27 | 27 | 18 | 9 |

ഭവന നിർമ്മാണം പൂർത്തിയാക്കാത്തഗുണഭോക്താക്കളുടെ വിവരം താഴെ പറയുന്നു

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | ആകെ നൽകേണ്ട തുക | നൽകിയ തുക | നിലവിലെ അവസ്ഥ | ബാക്കി നൽകാനുള്ള തുക |
|---|---|---|---|---|---|
| 1 | വേലേരി ചെറിയ കുങ്കൻ | 2,68,661 | 2,00,000 | കോൺക്രീറ്റ് | 68,661 |
| 2 | എനിയാടൻ സുധാകരൻ | 6,00,000 | 3,00,000 | ചുമർ പൂർത്തിയായി | 3,00,000 |
| 3 | എനിയാടൻ വാസുദേവൻ | 3,30,773 | 3,00,000 | കോൺക്രീറ്റ് | 30,773 |
| 4 | സുധീഷ്-പി | 6,00,000 | 4,50,000 | കോൺക്രീറ്റ് | 1,50,000 |
| 5 | സീന ബാബു | 2,65,579 | 2,40,000 | കോൺക്രീറ്റ് | 25,579 |
| 6 | രമേശൻ- എ-സി | 2,50,000 | 2,25,000 | കോൺക്രീറ്റ് | 25,000 |
| 7 | ജോസഫീന ജോസഫ് | 3,40,000 | 2,40,000 | ചുമർ പൂർത്തിയായി | 1,00,000 |
| 8 | മാത്യു | 3,40,000 | 3,10,000 | കോൺക്രീറ്റ് | 30,000 |

| | | | | | |
|---|---|---|---|---|---|
| 9 | ജെസ്സി ജോസഫ് | 3,40,000 | 1,50,000 | ചുമർ | 1,90,000 |

പൂർത്തിയാക്കുവാൻ ബാക്കിയുള്ള ഭവന പദ്ധതികൾ പൂർത്തീകരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രൊജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിൻറെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2,00,000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 2,00,000 | 0 |
| | 42,500 | നെൽകൃഷി വികസനം | 34,000 | 8,500 |
| | 2,00,000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 2,00,000 | 0 |
| | 30,00,000 | ലൈഫ് മിഷൻ | 0 | 30,00,000 |
| ബ്ലോക്ക് പഞ്ചായത്ത് | 50,000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 50,000 | 0 |
| | 42,500 | നെൽകൃഷി വികസനം | 34,000 | 8,500 |
| | 1,61,500 | ജൈവ പച്ചക്കറി (വനിത) | 1,61,500 | 0 |
| | 1,00,000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 1,00,000 | |

| | | | | |
|---|---|---|---|---|
| | | | | |
| | 7,00,000 | ശ്മശാന നിർമ്മാണം പൂർത്തീകരണം | | 7,00,000 |

ലൈഫ് മിഷന വേണ്ടിയും ,ശ്മശാന നിർമ്മാണത്തിന വേണ്ടിയും തുക ലഭിച്ചത് യഥാക്രമം 12-1-2018 ,13-3-2018 എന്നീ തീയതികളിലാണ് - മുൻ വർഷങ്ങളിൽ ലഭിച്ചതിൽ ചെലവഴിക്കാത്ത ജില്ലാ പഞ്ചായത്ത് വിഹിതം ₹ 1,21,111 , ബ്ലോക്ക് പഞ്ചായത്ത് വിഹിതം ₹ 1,25,000 ചെലവഴിക്കുകയോ ,അല്ലാത്ത പക്ഷം ക്രമീകരിക്കുകയോ ചെയ്യേണ്ടതാണ്

## 4-2 നിക്ഷേപപ്രവൃത്തികൾക്ക നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവർത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിൻറെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം/ ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ളവ | റിമാർക്സ് |
|---|---|---|---|---|---|---|
| കെ എസ് ഇ ബി | സ്ലീറ്റ് മെയിൻ വലിക്കൽ | 10/17-18 തീയതി 21-8-2017 | 4,87,000 | ഇല്ല | 4,87,000 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് | ഉത്തരവ് നം & തിയതി | വായ്പ തുക | മുന്നിരിപ്പ് | തിരിച്ചടച്ച തുക | | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ എം എസ് ഭവന നിർമ്മാണം | സർക്കാർ ഉത്തരവ് (എം എസ് )നം -174/2008തീയതി 24-6-2008 | 1,54,09,050 | 11,91,387 | 3,74,072 | | 8,17,315 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 87982രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. 2004-05 മുതൽ 2015-16 വരെയുള്ള റിപ്പോർട്ടിലെ ബന്ധപ്പെട്ട ഖണ്ഡികൾ അദാലത്തിൽ പരിശോധിച്ച് തീർപ്പാക്കിയിട്ടുണ്ട്.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര്, ഉദ്യോഗപ്പേര് | രശീത് നമ്പർ/ തീയ്യതി |
|---|---|---|---|---|
| 2014-15 | പാര 3/8, 3/9, 3/10 | 21093 | അസിസ്റ്റൻറ് എഞ്ചിനീയർ, എൽ എസ് ജി ഡി | 117020500004 തീയ്യതി 12/06/2017 |
| 2013-14 | പാര 2-2(1) ക്രമ നമ്പർ 7 | 1150 | രാജു പി ഇമ്മാനുവൽ | 117020100251 തീയ്യതി 22/4/17 |
| 2013-14 | പാര 2-2(1) ക്രമ നമ്പർ 4 | 500 | എം.ടി.ബെന്നി | 117020100252 തീയ്യതി 22/4/17 |
| 2013-14 | പാര 2-2(1) (5) | 125 | വി.പി.സന്ധ്യ | 117020100270 തീയ്യതി 24/4/17 |
| 2013-14 | പാര 2-2(1) (6) | 125 | എം.വി.ചിത്ര | 117020100271 തീയ്യതി 24/4/17 |
| 2013-14 | പാര 2-2 (1) ക്രമ നമ്പർ 3 | 125 | സണ്ണി വി.യു | 117020100285 തീയ്യതി 25/4/17 |
| 2013-14 | പാര 2-2(1) ക്രമ നമ്പർ 1 | 325 | അനന്തനാരായണൻ | 117020100307 തീയ്യതി 26-4-17 |
| 2013-14 | പാര 2-2 ക്രമ നമ്പർ 2 | 275 | നെല്ലേരി അബ്ദുള്ള ഹാജി | 117020100827 തീയ്യതി 12-6-17 |

| | | | | |
|---|---|---|---|---|
| 2010-11 | പാര 2-8 | 63 | കെ രാമകൃഷ്ണൻ | 117020102407 തീയ്യതി 5-12-17 |
| 2010-11 | പാര 2-8(2) | 125 | പി.ഹാരിസ് | 117020102495 തീയ്യതി 8-12-17 |
| 2010-11 | പാര 2-8 ക്രമ നമ്പർ 5 | 63 | രാജീവൻ പി.സി | 117020102531 തീയ്യതി 12-12-17 |
| 2011-12 | പാര 2-8 ക്രമ നമ്പർ 2 | 63 | രാജീവൻ പി.സി | 117020102533 തീയ്യതി 12-12-17 |
| 2016-17 | പാര 2-1 | 250 | പ്രൊപ്രൈറ്റർ കള്ള് ഷാപ്പ് നിടുംപൊയിൽ | 117020103133 തീയ്യതി 30/12/17 |
| 2016-17 | പാര 2-1 | 250 | പ്രൊപ്രൈറ്റർ കള്ള് ഷാപ്പ് എടയാർ | 117020103134 തീയ്യതി 3012/17 |
| 2016-17 | പാര 2-1 | 250 | പ്രൊപ്രൈറ്റർ കള്ള് ഷാപ്പ് വായന്നൂർ | 117020103135 തീയ്യതി 30/12/17 |
| 2016-17 | പാര 2-1 | 250 | പ്രൊപ്രൈറ്റർ കള്ള് ഷാപ്പ് കോളയാട് | 117020103136 തീയ്യതി 30/12/17 |
| 2015-16 | പാര 2-3 | 250 | ഹെഡ്മാസ്റ്റർ സെൻറ് കൊർണിയേലസ് ഹൈസ്കൂൾ | 117020100243 തീയ്യതി 21-4-17 |
| 2012-13 | പാര 2-1(3) | 150 | എം കുഞ്ഞികൃഷ്ണൻ | 117020100274 തീയ്യതി 25-4-17 |
| 2004-05 | പാര 2-4 | 1020 | പി.ഷമീർ | 117020102516 തീയ്യതി 11-12-17 |

| | | | | |
|---|---|---|---|---|
| 2005-06 | പാര 2-2 | 1068 | പി.ഷമീർ | 117020102519 തീയ്യതി 11-12-17 |
| 2016-17 | 2016-17 എൻക്വയറി നം 3(3) ഓഡിറ്റ് കേംപ് | 600 | പ്രൊപ്രൈറ്റർ കോളയാട് കള്ള് ഷാപ്പ് | 117020100961തീയ്യതി 29/6/17 |
| 2016-17 | 2016-17 എൻക്വയറി നം 3(3) ഓഡിറ്റ് കേംപ് | 600 | പ്രൊപ്രൈറ്റർ നിടുംപൊയിൽ കള്ള് ഷാപ്പ് | 117020100961 തീയ്യതി29/6/17 |
| 2016-17 | 2016-17 എൻക്വയറി നം 3(3) ഓഡിറ്റ് കേംപ് | 600 | പ്രൊപ്രൈറ്റർ എടയാർ കള്ള് ഷാപ്പ് | 117020100963 തീയ്യതി 29 /6 /17 |
| 2016-17 | 2016-17 എൻക്വയറി നം 3(3) ഓഡിറ്റ് കേംപ് | 600 | പ്രൊപ്രൈററർ വായന്നൂർ കള്ള് ഷാപ്പ് | 117020100964 തീയ്യതി 29/6/17 |
| 2016-17 | 2016-17 എൻക്വയറി | 2500 | അസിസ്ററൻറ് എഞ്ചിനീയർ | 117020100968 തീയ്യതി 29/6/17 |

| | | | | |
|---|---|---|---|---|
| | നം 3(3) ഓഡിറ്റ് കേംപ് | | കെ.എസ്.ഇ.ബി | |
| 2012-13, 2013-14 | പാര 2-1(4) | 5000 | അസിസ്ററൻറ് എഞ്ചിനീയർ കെ.എസ്.ഇ.ബി | 117020100972 തീയ്യതി 30-6-17 |
| 2012-13, 2013-14 | പാര 2-1(4) | 2500 | അസിസ്ററൻറ് എഞ്ചിനീയർ കെ.എസ്.ഇ.ബി | 117020100973 തീയ്യതി 30-6-17 |
| 2012-13, 2013-14 | പാര 2-1(4) | 2500 | അസിസ്ററൻറ് എഞ്ചിനീയർ കെ.എസ്.ഇ.ബി | 117020100974 തീയ്യതി 30-6-17 |
| 2012-13 | പാര 2-1(2) ക്രമ നമ്പർ 5 | 240 | പി.കെ ദിവാകരൻ | 117020100979 തീയ്യതി 1-7-17 |
| 2010-11, 2011-12 | പാര 2-5 | 5000 | അസിസ്ററൻറ് എഞ്ചിനീയർ കെ.എസ്.ഇ.ബി | 117020101629 തീയ്യതി 3-10-17 |
| 2010-11 | പാര 2-8 | 240 | കെ.രാമകൃഷ്ണൻ | 117020102408 തീയ്യതി 5-12-17 |
| 2011-12 | പാര 2-5(3) | 600 | കെ.പ്രമീള | 117020102411 തീയ്യതി 5-12-17 |
| 2011-12 | പാര 2-5(3) | 600 | കെ.സി റോജ | 117020102412 തീയ്യതി 5-12-17 |

| | | | | |
|---|---|---|---|---|
| 2010-11 | പാര 8(2) | 360 | പി.ഹാരിസ് | 117020102496 തീയ്യതി 8-12-17 |
| 2010-11 | പാര 2-8 ക്രമ നമ്പർ 5 | 340 | രാജീവൻ പി.സി | 117020102532 തീയ്യതി 12-12-17 |
| 2011-12 | പാര 2-8 ക്രമ നമ്പർ 5 | 340 | രാജീവൻ പി.സി | 117020102534 തീയ്യതി 12-12-17 |
| 2016-17 | പാര 3-3 | 37842 | സെക്രട്ടറി കോളയാട് ഗ്രാമപഞ്ചായത്ത് | ട്രഷറി അക്കൗണ്ടിലുള്ള ബാരൽ തുക തിരിച്ചടച്ചത് |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| ഇല്ല | ഇല്ല | 2013-14 | 5-2-15 | സർക്കാർ എയിഡഡ് സ്കൂളിലെ അഡ്മിഷൻ നിലവാരം താരതമ്യം | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| ഇല്ല | ഇല്ല | 2013-14 | 5-2-19 | ശ്രദ്ധേയമായ നൂതനാശയങ്ങൾ | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| ഇല്ല | ഇല്ല | 2011-12 | 2-1 | ഗ്രാമസഭ അപാകം -പൊതു അവലോകനം | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

# 4-8 ചാർജ്ജ് -സർചാർജ് നടപടി വഴി ഈടാക്കിയ തുക -

**(എ)സർചാർജ് നടപടി വഴി ഈടാക്കിയ തുക**

| ക്ര. നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 2006-07 | 3-5a (1) | പി-സാജു ഓവർസിയർ | LF/846/6/Spl Cell/Cs6/12/ dt22/10/ 2013 | 2380 | 39176/12 dt. 27-9-2011 | - | - | - | 2380<br>- | 0<br>- | തുക ഒട്ടക്കിയത് പരിശോധിച്ച് 14-5-2014ലെ എൽ. എഫ്. കെ എൻ .ആർ സി15/571/2014 കത്ത് പ്രകാരം ഹെഡ് ഓഫീസിനെ അറിയിച്ചിട്ടുണ്ട് |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | 2006-07 | 3-8(1)<br>3-8(2)<br>3-8(3) | സി-പി-പ്രകാശൻ<br>സെക്രട്ടറി | LF/846/6/Spl Cell/Cs6/12/ dt22/10/ 2013 | 4000 | 39176/12 dt27-9-2011 _₹ 2,800 | - | - | - | 2,800<br>- | 1200<br>- | തുക പൂർണ്ണമായും ഒടുക്കിയിട്ടില്ല |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 7,35,12,750 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 7,13,35,796 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 42,567 |

**(ബി).** **പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും തസ്തികയും |
|---|---|---|
| 3-7 | 42,567 | ശ്രീ-ഇബ്ബ മഷൂദ് (അസിസ്റ്റന്റ് എഞ്ചിനിയർ) |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഇബ്ബ മഷൂദ്<br>(അസിസ്റ്റന്റ് എഞ്ചിനിയർ) | അസി. എഞ്ചിനീയർ, കോളയാട് ഗ്രാമപഞ്ചായത്ത് | പടിഞ്ഞാനത്തിൽ ഹൗസ്, മയ്യനാട് പി.ഒ, കൊല്ലം – 691303 |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2004-05 | കെ എസ് എ കെ.എൻ.ആർ<br>/സി11 -2096 / 17, 17-03-2018 | 7 | |
| 2005-06 | കെ എസ് എ കെ.എൻ.ആർ<br>/സി11 -2096 / 17, 17-03-2018 | 12 | |
| 2006-07 | കെ എസ് എ കെ.എൻ.ആർ<br>/സി11 -2096 / 17, 17-03-2018 | 3 | |
| 2007-08 | കെ എസ് എ കെ.എൻ.ആർ<br>/സി11 -2096 / 17, 17-03-2018 | 15 | |
| 2008-09 | കെ എസ് എ കെ.എൻ.ആർ<br>/സി11 -2096 / 17, 17-03-2018 | 7 | |
| 2009-10 | കെ എസ് എ കെ.എൻ.ആർ<br>/സി11 -2096 / 17, 17-03-2018 | 12 | |
| 2012-13,<br>2013-14 | കെ എസ് എ കെ.എൻ.ആർ<br>/സി11 -2096 / 17, 17-03-2018 | 3 | |
| 2014-15 | കെ എസ് എ കെ.എൻ.ആർ | 4 | |

| | | | |
|---|---|---|---|
| | /സി11 -2096 / 17, 17-03-2018 | | |
| 2015-16 | കെ എസ് എ കെ.എൻ.ആർ<br><br>/സി4-69 / 16,8-2-2017 | | |
| 2016-17 | കെ എസ് എ കെ.എൻ.ആർ<br><br>/സി9 -1349 / 17, 19-10-2017 | | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ. /കെ.എൻ.ആർ./സി.11/2109/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ

e-mail doknr.ksad@kerala.gov.in

Phone:04972707698

**തീയ്യതി: 01.02.2019**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കോളയാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18-ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.**

## അനുബന്ധം-2-1

## RECEIPT & PAYMENT STATEMENT of Kolayad Grama Panchayat For the period from 01-April-2017 to 31-March-2018

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **RECEIPTS** | | |

| | | | |
|---|---|---|---|
| | **Opening Balance** | | |
| Bank | Bank | RP-40(a) | 16255439.00 |
| Cash | Cash | RP-40(a) | 72956.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 880373.00 |
| 130000000 | Rental income from Panchayat Properties | RP-3 | 30000.00 |
| 140000000 | Fees & User Charges | RP-4 | 283621.00 |
| 150000000 | Sale & Hire Charges | RP-5 | 133116.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 42470097.00 |
| 171000000 | Interest Earned | RP-9 | 205207.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 19167820.00 |
| 350000000 | Other Liabilities | RP-36 | 2473347.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 1119.00 |
| 311000000 | Earmarked Funds | RP-29 | 6327.00 |
| 330000000 | Secured Loans | RP-32 | 0.0 |
| 340000000 | Deposits Received | RP-34 | 840600.00 |
| 350000000 | Other Liabilities | RP-36 | 247265.00 |
| 420000000 | Investments | RP-41 | 10000.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 4168433.00 |
| 460000000 | Loans, Advances and Deposits | RP-47 | 2595425.00 |
| | **Grand total** | **89841145.00** | |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-11 | 2328711.00 |
| 220000000 | Administrative Expenses | RP-12 | 1402322.00 |

| | | | |
|---|---|---|---|
| 230000000 | Operations & Maintenance | RP-13 | 783610.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 5203740.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 14571767.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 1641910.00 |
| 253000000 | Decentralised Plan Programme- Projects not included in | RP-18 | 1408567.00 |
| | Sector Division | | |
| 254000000 | Expenditures of Transferred institutions and State Sponsored<br><br>Schemes | RP-19 | 49520.00 |
| 255000000 | Maintenance Projects | RP-20 | 13193110.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 312880.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 34500.00 |
| 280000000 | Prior Period item | RP-26 | -18079.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 0.0 |
| 350000000 | Other Liabilities | RP-36 | 9342711.00 |
| | **Non Operating** | | |
| 240000000 | Interest & Finance Charges | RP-14 | 1070.00 |
| 330000000 | Secured Loans | RP-32 | 374072.00 |
| 340000000 | Deposits Received | RP-34 | 397938.00 |
| 341000000 | Deposit Works | RP-35 | 4600.00 |
| 350000000 | Other Liabilities | RP-36 | 2783057.00 |
| 410000000 | Fixed Assets | RP-38 | 2995111.00 |
| 412000000 | Capital work in Progress | RP-40 | 5717574.00 |

| | | | |
|---|---|---|---|
| 420000000 | Investments | RP-41 | 10000.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 6119180.00 |
| 460000000 | Loans, Advances and Deposits | RP-47 | 2677925.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 18281905.00 |
| Cash | Cash | RP-40(b) | 223444.00 |
| | **Grand Total** | | **89841145.00** |

## അനുബന്ധം-2-2

## INCOME & EXPENDITURE STATEMENT OF KOLAYAD GRAMA PANCHAYAT For the period from 01-April-2017 to 31-March-2018

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 3202117.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 1051699.00 |
| 140000000 | Fee & User Charges | I-4(b) | 755621.00 |
| 150000000 | Sale & Hire Charges | I-5(b) | 123316.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 120332547.00 |
| 171000000 | Interest Earned | I-8 | 205207.00 |
| 180000000 | Other Income | I-9 | 1119.00 |
| | **Total Income** | **125671626.00** | |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10(b) | 9503800.00 |
| 220000000 | Administrative Expenses | I-11(b) | 1405934.00 |
| 230000000 | Operations & Maintenance | I-12(b) | 783610.00 |
| 240000000 | Interest & Finance Charges | I-13 | 1070.00 |

| | | | |
|---|---|---|---|
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 8907325.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 41518827.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1641910.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 3898150.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 44887920.00 |
| 255000000 | Maintenance Projects | I-14(e) | 13193110.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 312880.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 34500.00 |
| 270000000 | Provisions and Write off | I-16 | 35137.00 |
| 272000000 | Depreciation | I-17(a) | 73669.00 |
| | **Total Expenditure** | **126197842.00** | |
| | **Gross Surplus/ Deficit of income over Expenditure** | **-526216.00** | |
| 280000000 | Prior Period Item | I-18 | -306461.00 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | **-219755.00** | |

## അനുബന്ധം-2-3

## BALANCE SHEET of Kolayad Grama Panchayat as on 31-March-2018

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | -6313493.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 12271.00 |
| 312000000 | Reserves | B-3 | 74935064.00 |
| | **Total Reserve & Surplus** | **68633842.00** | |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 14935199.00 |
| | **Total Grants, Contributions for Specific Purposes** | **14935199.00** | |
| | **Loans** | | |
| 330000000 | Secured Loans | B-5 | 817315.00 |
| | **Total Loans** | **817315.00** | |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 1509069.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1843531.00 |
| | **Total Current Liabilities and Provisions** | **3352600.00** | |
| | **TOTAL LIABILITIES** | **87738956.00** | |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 74800196.00 |
| 411000000 | Accumulated Depreciation | B-11 | -16798187.00 |
| 412000000 | Capital Work in Progress | B-11(a) | 4129966.00 |

| | | | |
|---|---|---|---|
| | **Total Fixed Assets** | **62131975.00** | |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 0.0 |
| | **Total Investments** | **0.0** | |
| | **Current Assets, Loans and Advances** | | |
| 431000000 | Sundry Debtors (Receivables) | B-15 | 6138223.00 |
| 440000000 | Pre-paid Expenses | B-16 | 817315.00 |
| 450000000 | Cash and Bank Balance | B-17 | 18505349.00 |
| 460000000 | Loan, Advances and Deposits | B-18 | 146094 |
| | Total Current Assets, Loans and Deposits | | 25606981.00 |
| | Total Assets | 87738956.00 | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.